# ബൈബിൾ മുഖംമൂടിക്കപ്പുറം

## ജോസഫ് ലൂയിസ്

വിവർത്തനം: മേനക വർമ്മ

# ഉള്ളടക്കം


ആമുഖം 4

1. അബ്രാമും സാറായ്‌യും 11
2. ഇസഹാക്കും റബേക്കയും 12
3. ലോതും പുത്രിമാരും 16
4. യാക്കോബും ലയായും റാഹേലും 18
5. ദീനായുടെ മാനഭംഗം 21
6. യോസേഫും പോത്തിഫറുടെ ഭാര്യയും. 23
7. യഹൂദായും മകൾ തമറും ഒരു പ്രസവവർണ്ണനയും. 25
8. ന്യായാധിപന്മാർ. 28
9. ദാവീദ് രാജാവും ഭാര്യമാരും 31
10. തമറിനെ സഹോദരൻ ബലാൽസംഗം ചെയ്യുന്നു. 43
11. റൂത്ത് 45
12. സോളമനും ഉത്തമഗീതവും 49
13. എസ്തേർ 52
14. പുതിയ നിയമം 54
15. കന്യകയിൽ നിന്നുളള പിറവി, യേശുവും പരിശുദ്ധാത്മാവും മേരിയും യോസേഫും 56
16. യേശുവിന്റെ ജനനം ലൂക്കിന്റെ സുവിശേഷത്തിൽ 61
17. എലിസബേത്തും സഖറിയായും ഗബ്രിയേൽ മാലാഖയും 62
18. യേശുവും പാപിനിയും 65

ഉപസംഹാരം 67

# നിവേദനം

ക്രിസ്തുമതത്തിന്റെ ഉത്ഭവം മുതൽ ബൈബിളിനെ ദൈവനിവേശിതവും പരിപാവനവുമായി അതിന്റെ വിശ്വാസികൾ കണക്കാക്കി വരുന്നു. അന്ന് മുതൽ ഇന്നോളം അതിനെ സാന്മാർഗ്ഗികതയുടെ അവസാന വാക്കായി അവരോധിച്ചിരുന്നു.

ബൈബിളിനെ ഒരു ചരിത്രരേഖയായാണ് ക്രിസ്തീയ വിശ്വാസികൾ കണക്കാക്കുന്നത്. പ്രപഞ്ചോൽപത്തിയും മനുഷ്യന്റെ സൃഷ്ടിയും ജന്തുക്കളുടെ വികാസപരിണാമങ്ങളും ചരിത്രരേഖയെന്ന മട്ടിൽ ബൈബിൾ പ്രതിപാദിക്കുന്നു. പ്രപഞ്ചവിദൂരതയിലേക്ക് നീണ്ട ഗലീലിയോയുടെ ദൂരദർശിനി, ബൈബിളിന്റെ രേഖപ്പെടുത്തലുകൾക്കു വിരുദ്ധമായി, ഭൂമി സൂര്യനെയാണ് ഭ്രമണം ചെയ്യുന്നതെന്ന് കണ്ടെത്തിയത് ചരിത്രഗ്രന്ഥമെന്ന അതിന്റെ പരിവേഷത്തെ ഉടച്ചുകളയുകയായിരുന്നു. തന്റെ കണ്ടെത്തലുകളെ തള്ളിപ്പറയാൻ തയ്യാറാകാതിരുന്ന ഗലീലിയോയെ പള്ളിക്കോടതി ക്രൂരമായ പീഡനങ്ങൾക്കു ശേഷം വിഷം നൽകി വധിച്ചു. ബൈബിളിലെ പൊള്ളത്തരങ്ങൾ ശാസ്ത്രീയമായി തെളിയിച്ച ബ്രൂണോയ്ക്കും ചിതയിലെരിയാനായിരുന്നു വിധി.

തന്റെ കൽപനകളെ അനുസരിക്കാതിരുന്നതിന് ദൈവം ഹവ്വയ്ക്ക് നൽകിയ ശിക്ഷയാണ് പ്രസവവേളയിലെ തീവ്രവേദനയെന്ന് ബൈബിൾ പ്രസ്ഥാവിക്കുന്നു. അത് ലഘൂകരിക്കാൻ സഹായിക്കുന്ന സൂതികർമ്മിണികളെ മന്ത്രവാദിനികളായി കണക്കാക്കിയിരുന്നു. ക്രിസ്തുമതത്തിനു മുമ്പ് യൂറോപ്പിൽ നിലനിന്നിരുന്ന, പ്രകൃതിയെയും സ്ത്രീത്വത്തെയും സൂര്യനെയും ആരാധിച്ചിരുന്ന പ്രാചീനമതവിശ്വാസത്തിലെ പുരോഹിതകളെയും ഈ ഗണത്തിലാണ് ഉൾപ്പെടുത്തിയിരുന്നത്. മന്ത്രവാദിനികളെ തിരിച്ചറിയുന്നതിനും പീഢിപ്പിക്കുന്നതിനും കൊലപ്പെടുത്തുന്നതിനുമുള്ള മാർഗ്ഗങ്ങൾ സഭാനേതൃത്വം അച്ചടിച്ച് കീഴ്ഘടകങ്ങൾക്ക് നൽകിയിരുന്നു; “malleus maleficarum” എന്ന പുസ്തകത്തിലൂടെ. ചരിത്രത്തിലെ ഏറ്റവും ഭീകരമായ ഗ്രന്ഥമെന്ന വിശേഷണവും അതിന് സ്വന്തമാണ്. അതിന്റെ പരിണിത ഫലം ചരിത്രം വിസ്മരിക്കാനാഗ്രഹിക്കുന്ന “മന്ത്രവാദിനിവേട്ട”യായിരുന്നു. അഞ്ച് ലക്ഷം നിരപരാധികളായ സ്ത്രീകളെയാണ് മഹാപീഢനങ്ങൾക്കും ക്രൂരമായ ബലാൽസംഗത്തിനും ശേഷം ചുട്ടുകൊന്നത്. വെന്തുമരിച്ച പുരുഷപ്രജകളുടെ എണ്ണം അതിലുമെത്രയോ അധികം!

മനുഷ്യനെ അവരുടെ പാപത്തിൽനിന്നു മോചിപ്പിക്കുന്നതിനായി ഒരു “രക്ഷകൻ” അവതരിച്ചതിന്റെ ഫലം അനേകലക്ഷം നിരപരാധികളുടെ ക്രൂരമരണമായിരുന്നുവെങ്കിൽ അങ്ങനെയൊരു രക്ഷകന്റെ ജനനത്തെ ഭൂമി പോലും ശപിച്ചിട്ടുാകും. ക്രിസ്തുവിന്റെ ജനനം ഒരു സങ്കൽപകഥ മാത്രമാണ്. ക്രിസ്തു ജനിച്ചതായി പറയപ്പെടുന്ന കാലഘട്ടത്തിലും ആ നൂറ്റാണ്ടിലും ജീവിച്ചിരുന്ന ചരിത്രകാരന്മാരുടെ പട്ടിക ശ്രദ്ധിക്കുക:

| | | | |
|---|---|---|---|
| ജോസഫസ് | ആരിയാൻ | ഫിലോ ജുദായസ് | പെട്രോണിയസ് |
| സെനീക്ക | ഡിയോൺ പ്രൂസിയസ് | പാറ്റർക്കുലസ് | സ്യൂട്ടോണിയസ് |
| ജുവനൽ | മാർഷ്യൽ | ഫ്ളീഗോൺ | പെർഷ്യസ് |
| പ്ലൂട്ടാർക്ക് | ലൂസിയാൻ | അപ്ലോണിയസ് | പെസാനിയസ് |
| പ്ലിനി | വലേറിയസ് | ഫ്ളാക്കസ് | ക്വിന്റീലിയൻ |
| ഫവോറിനസ് | ലൂക്കാനസ് | ഫേഡ്രസ് | എപിക്റ്ററ്റസ് |
| ഡമീസ് | സിലിയസ് ഇറ്റലിക്കസ് | അലസ് ജല്ലിയസ് | സ്റ്റാറ്റിയസ് |
| കൊളൂമെല്ല | ടോളമി | ഡിയോ ക്രിസോസ്റ്റം | ഹെർമോഗോൺസ് |
| ലൈസിയസ് | | | |

പാലസ്തീനിലും ജറുശലേമിലും ഗലീലിയായിലും ജീവിച്ചിരുന്ന ജൂതപണ്ഡിതന്മാരുടെ ഈ വലിയ സമൂഹത്തിൽ ഒരാൾ പോലും തങ്ങളുടെ രേഖപ്പെടുത്തലുകളിൽ യേശുക്രിസ്തുവിനെപ്പറ്റി ഒരു പരാമർശം പോലും നടത്താത്തത് ശ്രദ്ധേയമാണ്.

റോമൻ ചക്രവർത്തിയായ കോൺസ്റ്റൻന്റൈൻ എ.ഡി. 325ൽ തുർക്കിയിലെ നൈസിയയിൽ വച്ചു നടത്തിയ സമ്മേളനത്തിൽ വച്ചാണ് അഭിപ്രായ സമവായത്തിലൂടെ ഇന്നു നാം കാണുന്ന ബൈബിൾ സൃഷ്ടിച്ചത്. ക്രിസ്തുമതത്തെ റോമിന്റെ ഔദ്യോഗിക മതമായി പ്രഖ്യാപിച്ച കോൺസ്റ്റൻന്റൈൻ പക്ഷേ അതിനെ സ്വീകരിച്ചിരുന്നില്ല. ക്രിസ്തു സങ്കൽപ സൃഷ്ടിയാണെന്ന് ബോധമുണ്ടായിരുന്ന കോൺസ്റ്റൻന്റൈനെ മരണശയ്യയിൽ വച്ചാണ് മതം മാറ്റിയത് - പ്രതിഷേധിക്കാനാകാത്ത അവസ്ഥയിൽ!

കെട്ടിച്ചമച്ച പുസ്തകത്തിൽ വൈരുദ്ധ്യങ്ങൾ സ്വാഭാവികമാണ്. എന്നാൽ ബൈബിളിൽ വൈരുദ്ധ്യങ്ങൾക്കു പുറമെ അശ്ലീലതകളും ബലാൽസംഗങ്ങളും വേശ്യാവൃത്തിയും അവിഹിത രതിവേഴ്ചകളും കൊടുംക്രൂരതകളുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. അനർഹമായ ദിവ്യതാപരിവേഷം നൽകി നൂറ്റാണ്ടുകളായി ആരാധിച്ചുപോരുന്ന ബൈബിളിന്റെ യാഥാർത്ഥ്യം സമസ്തരും മനസിലാക്കേണ്ടത് അത്യാവശ്യമാണ്.

ബൈബിളിന്റെ മുഖംമൂടി തുറന്നു കാട്ടുന്നതിനായി ജോസഫ് ലൂയിസ് 1926ൽ രചിച്ച Bible Unmasked എന്ന പുസ്തകം ഇക്കാര്യത്തിൽ വളരെ പ്രയോജനപ്രദമാണ്. അജ്ഞാനത്തിന്റെയും അന്ധവിശ്വാസത്തിന്റെയും തിമിരം ബാധിച്ച ജനങ്ങളെ സത്യത്തിന്റെ നിറനിലാവിലേക്ക് അനയിക്കുന്നതിൽ ലൂയിസിന്റെ ഈ ലിഖിതകൗതുകം നിസ്തുലമായ പങ്ക് വഹിച്ചിട്ടുണ്ട്. മലയാളഭാഷയിലേക്ക് ഈ ഗ്രന്ഥം ഇതിനുമുൻപ് പരിഭാഷപ്പെടുത്തിയിട്ടുള്ളതായി അറിവില്ല. ബൈബിളിന്റെ യാഥാർത്ഥ്യം ഏവരും മനസിലാക്കേണ്ടത് അനിവാര്യമാകയാൽ ഈ മനോഹരസൃഷ്ടി ഞാൻ മലയാളത്തിലവതരിപ്പിക്കുകയാണ്.

ഒരു വിശ്വാസസംഹിതയെയും അവഹേളിക്കുവാനല്ല ഞാൻ ഈ ഉദ്യമത്തിനൊരുങ്ങുന്നത്. സാധാരണ ജനങ്ങളുടെ അജ്ഞാനത്തെ ഉപയോഗപ്പെടുത്തി, ദൈവികതയുടെ പേരിൽ, ചോദ്യം ചെയ്യാനനുവദിക്കാതെ അടിച്ചേൽപ്പിച്ച മലിനവും അന്ധവുമായ ഒരു വിശ്വാസത്തെയാണ് ഞാൻ

നിങ്ങളുടെ ബോധതമസിൽ ജ്ഞാനത്തിന്റെ നറുനിലാവ് പടർത്തട്ടെയെന്ന പ്രാർത്ഥനയോടെ “ബൈബിൾ മുഖംമൂടിക്കപ്പുറം” നിങ്ങളുടെ തുറന്ന വായനയ്ക്കായി നീക്കിവയ്ക്കുന്നു. സ്വീകരിച്ചാലും.

– മേനക വർമ്മ

# ആമുഖം

ഒരു തത്വജ്ഞാനിയുടെ കടമ സുവ്യക്തമാണ്. സത്യം കണ്ടെത്തുന്നതിനായി അയാൾ ഏത് വേദനയും അനുഭവിക്കണം. അവസാനം ഒരു നിഗമനത്തിലെത്തുമ്പോൾ ഏതൊക്കെ ആശയസംഹിതകൾക്കാണ് താൻ ആഘാതമേൽപ്പിക്കുന്നതെന്നു ചിന്തിക്കാതെ സമസ്തജനതയോടും സത്യം ഉറക്കെപ്പറയണം.

-ഹെന്റി തോമസ് ബക്കിൾ.

ബൈബിൾ സന്മാർഗ്ഗികമോ ദുർന്മാർഗ്ഗികമോ എന്ന വിഷയം എന്റെ പുസ്തകത്തിന് ചിന്താവസ്തുവായി സ്വീകരിച്ചപ്പോൾ അതിന്റെ പ്രാധാന്യവും മനോഹാരിതയും എന്നെ കീഴടക്കിയിരുന്നു. അതു തികച്ചും സത്യമാണ്; എന്തെന്നാൽ ഒരു കാലഘട്ടത്തിന്റെ ശരി മറ്റൊരു കാലത്ത് തെറ്റെന്നു പരിഗണിക്കുന്നതാണ്. ഇന്ന് നാം സദാചാരപരമെന്നും സ്വീകാര്യമെന്നും കരുതുന്നവ ഭാവിയിൽ ദുഷിച്ചതെന്നും അനാചാരമെന്നും കണക്കാക്കപ്പെടാവുന്നതാണ്.

അതുകൊണ്ട് ഞാൻ എന്റെ പുസ്തകരചനയ്ക്കായി സ്വീകരിച്ചിട്ടുള്ള ഈ വിഷയം രസാത്മകവും ഗൗരവമേറിയതുമാണ്; എന്തെന്നാൽ അത് നമ്മളിൽ പലരും സാന്മാർഗ്ഗികമെന്ന് കരുതുന്ന പല തത്വശാസ്ത്രങ്ങൾക്കും വിരുദ്ധമാണ്.

സാന്മാർഗ്ഗിക-അസാന്മാർഗ്ഗികതകളെ സംബന്ധിക്കുന്ന വിഷയങ്ങളിൽ നിലവിലുള്ള എല്ലാ സമ്പ്രദായങ്ങളെയും, അവയിലെ ഗുണവശങ്ങളെ മാത്രം സ്വീകരിച്ച് ഒഴിവാക്കേണ്ടി വരും. നാമിന്ന് മാതൃകയായി കരുതുന്നത് ഭൂമി പരന്നതാണെന്നതു പോലെയുള്ള വിവരക്കേടുകൾ ഉൾക്കൊള്ളുന്ന കാലാഹരണപ്പെട്ട ഗ്രന്ഥത്തെയാണ്.

നിലവിലുള്ള സമ്പ്രദായങ്ങളെയും ആശയങ്ങളെയും മാറ്റിമറിച്ച് മാനവരാശിയെ പുരോഗതിയിലേക്കുയർത്തിയ പതിനെട്ട് - പത്തൊമ്പത് നൂറ്റാണ്ടുകളിലെ കണ്ടുപിടുത്തങ്ങൾ പോലെ വിപ്ലവാത്മകമായ നേട്ടങ്ങൾ മനുഷ്യനു നൽകുന്ന സാന്മാർഗ്ഗികതയുടെ ഒരു പുതിയ ചിന്താധാര ഉണ്ടാകേണ്ടിയിരിക്കുന്നു.

നമ്മുടെ ഈ ഉദ്യമം ഒരു ദൈവത്തിന്റെയും അംഗീകാരത്തിനായല്ല. പ്രാഥമികമായി വ്യക്തിയുടെ നന്മയ്ക്കും അന്തിമമായി സമൂഹത്തിന്റെ നന്മയ്ക്കും വേണ്ടിയാണ്. അത് മനുഷ്യർ തമ്മിലുള്ള വിശുദ്ധമായ ബന്ധത്തെപ്പറ്റിയാണ്. ദൈവമല്ല; മാനവികതയാണ് നമ്മുടെ ചിന്താവസ്തു. നമ്മുടെ പ്രവൃത്തികൾ വിദൂരഭാവിയിലെ നേട്ടങ്ങൾക്കു വേണ്ടിയല്ല; ഇന്നിന്റെ ആവശ്യങ്ങൾക്കു വേണ്ടിയാണ്.

ഈ പുസ്തകരചനയിൽ എനിക്ക് ഉപയോഗിക്കേണ്ടി വരുന്നതായ ചില വാക്കുകളും പ്രയോഗങ്ങളും ചില വ്യക്തികളുടെ ഗ്രഹണശേഷിക്ക് ആഘാതകരമായേക്കാം എന്നതിനാൽ എന്റെ ഉദ്യമം വീണ്ടും ഗൗരവതരമാകുന്നു. എന്നാൽ ഞാൻ ഉറപ്പു തരുന്നു; ഈ പുസ്തകം വായിക്കുന്ന ആരെയെങ്കിലും വേദനിപ്പിക്കുന്നതായ ഏതെങ്കിലും വാക്കുകളോ പ്രയോഗങ്ങളോ ഇതിലുണ്ടെങ്കിൽ അത് ബോധപൂർവ്വമായി ഏതെങ്കിലുമൊരു സന്ദർഭം സൃഷ്ടിക്കുന്നതിനു വേണ്ടി ഉൾപ്പെടുത്തിയതല്ല; മറിച്ച് അതൊക്കെയും ബൈബിളിലെ കഥകളിൽ നിന്നും ഞാൻ അടർത്തിയെടുത്തതു മാത്രമാണ്.

ഞാൻ വീണ്ടും ആവർത്തിക്കുന്നു; ഞാൻ ഉപയോഗിക്കുന്നതായ ചില വാക്കുകൾ മാന്യമായ സംഭാഷണത്തിന് യോഗ്യമല്ലാത്തതും അശ്ലീലവും അരോചകവുമായിത്തോന്നാം. ബൈബിളിൽ നിന്നും ഞാൻ ഉദ്ധരിക്കുന്ന സംഭവങ്ങളുടെ വർണ്ണനയ്ക്ക് ബൈബിൾ ഉപയോഗിച്ചിട്ടുള്ള പദങ്ങൾ മാത്രമാണ് അവയെല്ലാം.

ബൈബിളിലെ വാക്കുകൾ, പ്രയോഗങ്ങൾ, ഭാഷ എന്നിവ നിങ്ങൾക്ക് പരിചിതമല്ലെങ്കിൽ ദയവായി ഈ പുസ്തകം അടച്ചു വയ്ക്കുക. ബെബിളിനെപ്പറ്റിയുള്ള വസ്തുതകൾ അറിയുന്നതിന് താൽപര്യമില്ലെങ്കിൽ നിങ്ങൾ ദയവായി ഇതു വായിക്കരുത്. ബെബിളിലെ കഥകൾ സത്യമോ അസത്യമോ എന്നത് എന്റെ വിഷയത്തിൽ പെടുന്നതല്ല. എന്നാൽ ഈ കഥകൾ ബൈബിളിലുള്ളതാണ്; അതുകൊണ്ടുതന്നെ ബൈബിൾ 'വിശുദ്ധ'മെന്നു കരുതപ്പെടുന്നു.

ഞാൻ ഈ ഗ്രന്ഥരചന നടത്തുന്നത് ഏതെങ്കിലും സംഘടനയുടെയോ വിഭാഗത്തിന്റെയോ അംഗമായല്ല. കാരണം എനിക്ക് അത്തരം താൽപര്യങ്ങളൊന്നുമില്ല. ഞാൻ ഇതെഴുതുന്നത് മാനവകുടുംബത്തിലെ അംഗമായാണ്; ഒരു മതത്തോടും ജനവിഭാഗത്തോടുമുള്ള പരിഗണന കൂടാതെയാണ്; മനുഷ്യസമൂഹത്തിന്റെ നന്മയ്ക്കു വേണ്ടിയാണ്.

അമരനായ ഒരു ദൈവത്തിന്റെ വിശുദ്ധവാണിയായാണ് തലമുറകളായി ബൈബിളിനെ കണക്കാക്കി വരുന്നത്. അതിന്റെ യാഥാർത്ഥ്യത്തെ ചോദ്യം ചെയ്യുവാൻ ആരെയും അനുവദിച്ചിരുന്നില്ല. എല്ലാ മനുഷ്യബന്ധങ്ങളിലും, അവന്റെ എല്ലാ പ്രവൃത്തികളിലും ചിന്തകളിലും, പരമമായ അധികാരം ബൈബിളിനായിരുന്നു. ബൈബിളിന്റെ അധീശത്വത്തെ എതിർത്താൽ മതവെറി പൂണ്ട ഇരുകാലിമൃഗങ്ങൾ പൈശാചികവും മൃഗീയവുമായി മനുഷ്യനെ പീഡിപ്പിച്ചു കൊല്ലുമായിരുന്നു. യഥാർത്ഥത്തിൽ ബൈബിളിന്റെ അത്ഭുതജനനത്തെ സംശയിക്കുന്നത് അക്ഷന്തവ്യമായ കുറ്റമായിരുന്നു.

മനുഷ്യന്റെ ഉന്നതിയെക്കാൾ അന്ധമായ വിശ്വാസത്തിനാണ് ക്രിസ്തുമതം പ്രാമുഖ്യം നൽകിയിരുന്നതെന്ന വസ്തുത ചരിത്രം അടിവരയിട്ട് രേഖപ്പെടുത്തിയിരിക്കുന്നു. മതവും സാമൂഹികമര്യാദകളും സമാനപദങ്ങളാണെന്ന ഉദ്ബോധനം ഒന്നുകിൽ ശുദ്ധമായ വിവരക്കേടാണ്; അല്ലെങ്കിൽ ബോധപൂർവ്വമായ വഞ്ചനയാണ്. ബെബിളിലെ ഏറ്റവും പ്രധാനപ്പെട്ട ഉപദേശങ്ങൾ മുതൽ അതിന്റെ പ്രചാരകന്മാരും പണ്ഡിതന്മാരും വരെ സാന്മാർഗ്ഗികതയുടെ കൊടിയ ശത്രുക്കളാണെന്ന് നമുക്ക് കാണാൻ കഴിയും.

അന്ധവിശ്വാസത്തിന്റെയും അജ്ഞാനത്തിന്റെയും ബന്ധനത്തിൽ നിന്നും മനുഷ്യനെ രക്ഷപെടുത്തിയതിൽ ഗലീലിയോയുടെ പങ്ക് വിസ്മരിക്കാനാവില്ല. പ്രപഞ്ചത്തിന്റെ കേന്ദ്രം ഭൂമിയല്ല എന്നു ദൂരദർശിനിയുടെ സഹായത്തോടെയുള്ള ഗലീലിയോയുടെ കണ്ടെത്തൽ ബൈബിളിന്റെ ആധാരശിലകളെ വരെ പ്രകമ്പനം കൊള്ളിക്കുന്നതായിരുന്നു. വിജ്ഞാനവും അന്ധവിശ്വാസവും തമ്മിലുള്ള മത്സരം കടുത്തത് വാനനിരീക്ഷണത്തിന് ശാസ്ത്രീയ അടിത്തറ കൈവന്നതിനു ശേഷമാണ്.

വാനശാസ്ത്രത്തിന് ബൈബിളിലെ അറിവ് (അങ്ങിനെ വിളിക്കാമെങ്കിൽ) കൊണ്ട് യാതൊരു ഉപയോഗവുമില്ലാതിരുന്നതും സംഘർഷം മൂർച്ഛിക്കുന്നതിന് കാരണമായി. ഭൂമിയാണ് പ്രപഞ്ചത്തിന്റെ കേന്ദ്രമെന്ന് ബൈബിൾ മനുഷ്യരെ തെറ്റിദ്ധരിപ്പിച്ചു വച്ചിരുന്നു. ഈ വൈരുദ്ധ്യത്തെ ചോദ്യം ചെയ്യാൻ നൂറ്റാണ്ടുകളോളം ആരും ധൈര്യപ്പെട്ടിരുന്നില്ല.

ഈശ്വരൻ മേഘങ്ങളിലാണ് വസിക്കുന്നതെന്ന് നിരക്ഷരരായ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചതും ആ പാവങ്ങൾ അവരുടെ പ്രാർത്ഥനകളിൽ സഹായത്തിനായി ആകാശത്തേക്കു കൈയ്യുയർത്തുന്നതും നമുക്ക് പരിചിതമാണ്. ഈശ്വരൻ വസിക്കുന്നതായി അവർ അവകാശപ്പെട്ട സ്ഥലങ്ങൾ ടെലസ്കോപ്പുപയോഗിച്ച് വാനശാസ്ത്രം പരിശോധിച്ചപ്പോൾ അങ്ങനെയുള്ള യാതൊന്നും അവിടെയെങ്ങും വസിക്കുന്നതായി കണ്ടെത്താൻ കഴിഞ്ഞില്ല. ചിലപ്പോൾ ദൂരദർശിനി കണ്ടെത്തിയപ്പോൾ മുൻവാസസ്ഥലത്ത് തെളിവുകൾ അവശേഷിപ്പിക്കാതെ യഹോവയെന്ന 'ദൈവം' അൽപ്പം കൂടി വിദൂരതയിലേക്ക് സ്വന്തം വാസസ്ഥലം മാറ്റിയിട്ടുണ്ടാകും. പ്രകാശവർഷങ്ങളോളം അത്യാധുനിക ദൂരദർശിനികളുപയോഗിച്ച് ശാസ്ത്രസമൂഹം പരിശോധിച്ചിട്ടും മേഘങ്ങളിലൊന്നും ഒരു താമസക്കാരനെയും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഒരുവേള ഇപ്പറഞ്ഞ ദൂരത്തിനുമപ്പുറത്താണ് ഈശ്വരൻ വസിക്കുന്നതെങ്കിൽ, ആപത്തിൽ സഹായിക്കാൻ കഴിയാത്ത ആ ദൈവത്തെ ഭജിക്കുന്നത് പാഴ്വേലയാണ്. ഇത്രയും ദൂരം താണ്ടി 'അദ്ദേഹം' സഹായത്തിനെത്തുമ്പോഴേക്കും മാനവരാശി പോലും ബാക്കിയുണ്ടാവില്ല.

പക്ഷേ ഇന്നു നമ്മുടെ വിഷയം ദൈവമല്ല; പ്രാർത്ഥനയും വാനശാസ്ത്രവുമല്ല. പ്രപഞ്ചസംബന്ധിയായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനാൽ ബൈബിൾ വാനശാസ്ത്രത്തിന് ഉപകാരിയായിത്തീരേണ്ടതാണ്. എന്നാൽ പ്രയോജനപ്രദമായി യാതൊന്നുമില്ലാത്തതിനാൽ വാനശാസ്ത്രം അതിനെ പൂർണ്ണമായി ഉപേക്ഷിച്ചു.

ഭൂതത്ത്വശാസ്ത്രജ്ഞരും പ്രകൃതിശാസ്ത്രപണ്ഡിതരും ജന്തുശാസ്ത്രജ്ഞരും സസ്യശാസ്ത്രജ്ഞരും എന്നുവേണ്ട എല്ലാ പണ്ഡിതന്മാരും ബൈബിളിനെ അംഗീകരിക്കുന്നു; പക്ഷേ അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളാണ് സത്യമെന്ന് അടിച്ചേൽപ്പിക്കരുതെന്ന നിബന്ധനയോടെ മാത്രം. അതുകൊണ്ട് ബൈബിളിൽ യാതൊരുവിധമായ ശാസ്ത്രസത്യങ്ങളും ഇല്ല എന്ന നിഗമനത്തിൽ എല്ലാ ചിന്താധാരകളും എത്തിച്ചേരുന്നു.

പ്രപഞ്ചത്തിലെ എല്ലാ അറിവുകളും ഉൾക്കൊള്ളുന്നതെന്ന് കരുതപ്പെടുന്നതും നൂറുകണക്കിന് വർഷങ്ങളായി ചോദ്യം ചെയ്യാനനുവദിക്കാതെ വിശുദ്ധമെന്ന് കണക്കാക്കി ആരാധിക്കുകയും ചെയ്ത ബൈബിൾ കൊണ്ട് ഒരു നീതിജ്ഞനുള്ള പ്രയോജനമെന്തെന്നാണ് ഇനി നമുക്ക് കണ്ടെത്താനുള്ളത്. ബൈബിളിന്റെ അമരത്വത്തിലേക്കോ അതിന്റെ വിശദാംശങ്ങളിലേക്കോ ഞാൻ കടക്കുന്നില്ല. എന്നാൽ സമൂഹം ഏറ്റവും നിന്ദാത്മകമെന്നു കണക്കാക്കപ്പെടുന്ന ബലാൽസംഗം, വ്യഭിചാരം, കാമാസക്തി, വഞ്ചന തുടങ്ങിയ വിഷയങ്ങളിൽ പൊതുവായും, ലൈംഗിക വിഷയത്തിൽ സമൂഹവുമായി മനുഷ്യനുണ്ടാകേണ്ട സദാചാര മര്യാദകളും ബൈബിൾ എങ്ങനെ കൈകാര്യം ചെയ്യുന്നുവെന്നാണ് ഇവിടെ നാം ചിന്തിക്കുന്നത്. എന്നാൽ ബൈബിളിനുള്ളിലെ വസ്തുതകൾതന്നെ സാന്മാർഗ്ഗികഗ്രന്ഥമെന്ന അതിന്റെ പരിവേഷത്തെ ഉടച്ചുകളയുന്നു.

ഇത്രയും നൂറ്റാണ്ടുകളായി എല്ലാ പരീക്ഷണങ്ങളെയും അതിജീവിക്കുവാൻ ബൈബിളിനു കഴിഞ്ഞുവെങ്കിൽ തങ്ങൾക്കു വേണ്ടതെല്ലാം അതിലില്ലേ എന്നു ചോദിച്ച കുറെയാളുകളെ ഞാൻ കണ്ടുമുട്ടിയിട്ടുണ്ട്. എന്നാൽ ബൈബിളിനെക്കാൾ കൂടുതൽ കാലം അടിമത്തസമ്പ്രദായം സകല എതിർപ്പുകളെയും അതിജീവിച്ച് നിലനിന്നില്ലേ എന്നെനിക്ക് അവരോടെനിക്ക് ചോദിക്കേണ്ടിവന്നു. പക്ഷേ ആ സമ്പ്രദായം ഇന്ന് നിലവിലില്ല. അടിമത്തസമ്പ്രദായം കൂടാതെ ഒരു നാഗരികതയും നിലനിൽക്കില്ല എന്ന് ഉയർന്ന ജീവിതവീക്ഷണങ്ങളുണ്ടായിരുന്ന അരിസ്റ്റോട്ടിൽ പോലും പറയുകയുണ്ടായി. ഭൗതികമായ അടിമത്തം അവസാനിച്ചു. മതാന്ധതയും അന്ധവിശ്വാസവും പരത്തുന്ന ബൈബിൾ വചനങ്ങളുടെ ബന്ധനത്തെ പൊട്ടിച്ചെറിഞ്ഞ് മനസിന്റെ സ്വാതന്ത്ര്യം കൂടി നാം നേടേണ്ടതുണ്ട്. ശരീരത്തിന്റെ സ്വാതന്ത്ര്യത്തെക്കാൾ ഒട്ടും ചെറുതല്ല മനസിന്റെ സ്വാതന്ത്ര്യം.

ബൈബിൾ എന്തുകൊണ്ട് ഇന്നും നിലനിൽക്കുന്നു എന്ന് ഞാൻ പലപ്പോഴും സ്വയം ചോദിക്കാറുണ്ട്. ചരിത്രത്തിൽ വളരെക്കാലം നിലനിന്നിരുന്നതും ആധുനികലോകം ഇന്നു പിൻതുടരാത്തതുമായ വളരെയേറെ സംസ്കാരങ്ങളുടെയും മതഗ്രന്ഥങ്ങളുടെയും ഉദാഹരണങ്ങൾ എനിക്ക് നൽകാൻ കഴിയും. ഒരു കാലത്ത് ആദരിച്ചിരുന്നതും ആരാധിച്ചിരുന്നതും ഇന്ന് ലോകം കൗതുകത്തോടെ നോക്കിക്കാണുന്നതുമായ പല വിശുദ്ധഗ്രന്ഥങ്ങളും ചരിത്രരേഖകളായുണ്ട്. ബൈബിൾ അതുപോലെയൊരു വിശുദ്ധഗ്രന്ഥമാണ്; എന്നാൽ ദൗർഭാഗ്യവശാൽ അത് സാന്മാർഗ്ഗികതയിൽ മറ്റുള്ളവയെക്കാൾ ബഹുകാതം പിന്നിലാണ്.

ചിത്തഭ്രമമുള്ളവരെ ആരും പീഡിപ്പിക്കാറില്ല. അവരെ നാം മാനസികരോഗികൾ എന്നു കണക്കാക്കുന്നു. ഒരു കാലത്ത് സർവ്വസാധാരണമായിരുന്ന ദുർമന്ത്രവാദം ഇന്ന് ഏറ്റവും വലിയ അന്ധവിശ്വാസമായി കണക്കാക്കുന്നു. ജോൺ വെസ്ലി ഈ യാഥാർത്ഥ്യത്തെപ്പറ്റി ഇങ്ങനെ പറഞ്ഞു: "ദുർമന്ത്രവാദത്തെ ഉപേക്ഷിക്കുക എന്നാൽ പ്രയോഗത്തിൽ ബൈബിളിനെ ഉപേക്ഷിക്കലാണ്". ഉള്ളി കഴിച്ചാൽ ക്യാൻസറുണ്ടാകും, സ്കാർലറ്റ് ഫീവർ എന്ന പകർച്ചവ്യാധി തടയാൻ ബ്രഡ്ഡ് കഴിച്ചാൽ മതി തുടങ്ങിയ അന്ധവിശ്വാസങ്ങൾ ക്രിസ്തുമത പിൻതുണയോടെ നിലനിന്നിരുന്നു.

കുട്ടികളെ ശിക്ഷിക്കാതിരുന്നാൽ അവർ വഷളാകുമെന്ന പഴഞ്ചൊല്ല് കുട്ടികളോടുള്ള സമീപനത്തിൽ നൂറ്റാണ്ടുകളോളം പ്രതിഫലിച്ചിരുന്നു. കരുണയില്ലാത്ത മാതാപിതാക്കൾ പിഞ്ചുകുഞ്ഞുങ്ങളെ പൈശാചികമായി പീഡിപ്പിച്ചിരുന്നു. അതിനായുള്ള തോൽവാറ് വീടുകളുടെ അഭിവാജ്യഘടകമായിരുന്നു. കുട്ടികളെ ദാരുണമായി പീഡിപ്പിച്ച് അവരിൽ ഭയം നിലനിർത്തിയില്ലെങ്കിൽ അവരെ എങ്ങിനെ നല്ലവരാക്കും? അവരിൽ എങ്ങിനെ മുതിർന്നവരോടുള്ള ബഹുമാനം നിറയ്ക്കും? ഈ പൈശാചിക സമ്പ്രദായത്തെ വിജയമാക്കി നിലനിർത്തിയ മതയുക്തി ഇതായിരുന്നു. കാലമിത്ര കഴിഞ്ഞിട്ടും അതിനൊന്നും കാതലായ മാറ്റം വന്നതായി ഞാൻ കരുതുന്നില്ല. മതം മസ്തിഷ്കത്തെ ഭരിക്കുന്നയാളുകൾ ഒരുതരത്തിലുള്ള തിരുത്തലുകൾക്കും തയ്യാറാകില്ല. കുട്ടികളെ ശിക്ഷിക്കാത്തത് മൂലം അവർ പിഴച്ചുപോയാൽ അത് ദൈവനിന്ദയും ദൈവത്തിന്റെ ദൃഷ്ടിയിൽ മാപ്പർഹിക്കാത്ത തെറ്റുമാണ്.

ഒരു കുട്ടിയുടെ മനസിൽ കുത്തിവയ്ക്കുന്ന ഭയം പാമ്പിൻ വിഷം പോലെ അപകടകരമാണ്. കുട്ടികളോടുള്ള പ്രാകൃതവും ക്രൂരവുമായ ഈ സമീപനം ഏറെക്കുറെ മന:ശാസ്ത്രം ഇന്ന് തിരുത്തിക്കഴിഞ്ഞു. ഈ നികൃഷ്ടസമ്പ്രദായം ഇന്നും പല ദേശങ്ങളിലും തുടരുന്നുണ്ടെങ്കിലും സംസ്കാരസമ്പന്നരായ മാതാപിതാക്കൾ നീചമായ ഈ രീതി അനുവർത്തിക്കുന്നില്ല.

ഈ മാറ്റങ്ങൾക്കിടയിലും ന്യൂയോർക്ക് സിറ്റിയിലെ സെന്റ് ജോർജ്ജ് പള്ളിയിലെ അസി. മിനിസ്റ്ററായ റവ: R. M. ബ്രസ്നർ, ആളുകൾ പ്രാകൃതമായ ഈ രീതിയിലേക്ക് തിരിച്ചുപോകണമെന്ന് 1925 ആഗസ്റ്റ് 25ന് ന്യൂയോർക്ക് ടൈംസിലൂടെ അഭ്യർത്ഥിച്ചു. കുട്ടികൾ സന്മാർഗ്ഗികളാകാൻ അവരുടെ മനസിൽ ഭയം നിറയ്ക്കേണ്ട ആവശ്യമില്ലാത്തതു പോലെ മുതിർന്നവർക്ക് നേർവഴി ചരിക്കാനും ഒന്നിനോടുമുള്ള ഭയം ആവശ്യമില്ല.

ഭയം! അത് ദൈവഭയമായാലും മറ്റെന്തിനോടുള്ള ഭയമായാലും മാനസികോന്നതിക്ക് തടസമാണ്. ബോധപൂർവ്വമായ ഒരു ഹീനകൃത്യത്തിനു ശേഷം അൽപ്പം പോലും കുറ്റബോധമില്ലാതെ ഒരുവൻ പള്ളിയിലെത്തി ഒന്ന് കുമ്പസാരിച്ചാൽ അവന്റെ മഹാപാപം പൊറുക്കപ്പെടുമെന്ന 'ബൈബിൾവചനം' നല്ല പെരുമാറ്റത്തിനു വേണ്ടിയുള്ള മുൻകരുതലാണ് ശിക്ഷയെന്ന ആശയത്തിനു കടക വിരുദ്ധമാണ്.

സ്വന്തം അവകാശത്തെപ്പറ്റിയുള്ള ബോധവും ആ അവകാശം ഉപയോഗിക്കാനുള്ള പ്രാപ്തിയും നൽകലാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തികലക്ഷ്യം. പാപം ചെയ്ത ശേഷം അത് ഏറ്റുപറയുന്നതിലൂടെ ഒരുവൻ അതിൽ നിന്നു മുക്തനാകുമെന്ന മതവചനം യുക്തിബോധം നശിച്ച മതാനുയായികൾക്ക് കാതിനു കുളിർമ നൽകുമെങ്കിലും അത് നീതിക്കും മാനവപുരോഗതിക്കും തടസമാണ്. സ്നേഹം, സഹാനുഭൂതി തുടങ്ങിയ മാനുഷികമൂല്യങ്ങളുടെയും പുരോഗതിയുടെയും തലങ്ങളിൽ അവിശ്വാസികളാണ് കൂടുതൽ മുന്നേറിയിട്ടുള്ളതെന്ന് ചരിത്രം തെളിയിക്കുന്നു. പുരോഗതിയും സമത്വവും സ്വാതന്ത്ര്യവുമാണ് മാനവരാശിയുടെ ലക്ഷ്യമെങ്കിൽ ബൈബിളിന് അനർഹമായി നൽകിയ വിശുദ്ധപദവിയും, മതം അന്ധവിശ്വാസമായിത്തീരുന്ന അവസ്ഥയും, അതിന്റെ ആസ്ഥാനമായി പള്ളി എന്ന സ്ഥാപിതാവസ്ഥയും നാം ഉപേക്ഷിക്കേണ്ടിയിരിക്കുന്നു.

1913 ജൂൺ 27ൽ വെസ്റ്റേൺ വാച്ച്മാനിലൂടെ ഫാദർ ഫിലാന്റെ ദയാരഹിതമായ ആഹ്വാനം ഇങ്ങനെയായിരുന്നു: "നമ്മൾ അമേരിക്കക്കാരും ഇംഗ്ലീഷുകാരുമാണെങ്കിലും പ്രഥമമായി കത്തോലിക്കരാണെന്നാണ് നാം പറയേണ്ടത്. ഇനിയൊരിക്കൽ സഭയും പ്രാദേശിക ഗവൺമെന്റും തമ്മിൽ സംഘർഷമുണ്ടായാൽ നാം സഭയ്ക്ക് അനുകൂലമായി നിലകൊള്ളും. സഭയും അമേരിക്കൻ ഗവൺമെന്റുമായോ ലോകത്തിലെ മറ്റെല്ലാ ഗവൺമെന്റുകളുമായോ സംഘർഷമുണ്ടായാലും നാം സഭയ്ക്കൊപ്പം നിലകൊള്ളും. എന്തുകൊണ്ടാണ് ഈ രാജ്യത്തെ ജനസംഖ്യയിൽ ഏഴു ശതമാനം മാത്രമുള്ള കത്തോലിക്കസഭയെ മറ്റുള്ളവർ ഇത്രയും ഭയക്കുന്നത്? അതിനെ അനുയായികൾ വളരെയേറെ ഇഷ്ടപ്പെടുകയും മറ്റുള്ളവരെല്ലാം ഭയക്കുകയും ചെയ്യുന്നതെന്തുകൊണ്ട്?. എന്തുകൊണ്ടാണ് പോപ്പിന് ഇത്രയേറെ അധികാരങ്ങളുള്ളത്? എന്തുകൊണ്ടാണ് പോപ്പ് ഈ ലോകത്തിന്റെ ഭരണാധിപനായിത്തീർന്നത്? എന്തുകൊണ്ടാണ് എല്ലാ ചക്രവർത്തിമാരും എല്ലാ രാജാക്കൻമാരും എല്ലാ രാജ്യങ്ങളിലെ പ്രസിഡന്റുമാരും അദ്ദേഹത്തെ ബഹുമാനിക്കുന്നത്? പോപ്പാണ് ഈ ലോകത്തിന്റെ അധിപൻ! ". [ Apton Sinclair-Profits of Religion, page 119]

സാന്മാർഗ്ഗികത, ലൈംഗികത, വ്യക്തിക്ക് സമൂഹത്തോടും സമൂഹത്തിന് വ്യക്തികളോടുമുള്ള ബന്ധം- ഇവയ്ക്കെല്ലാം വളരെ പ്രാധാന്യമുണ്ട്. അവയൊക്കെ പ്രത്യേകം ചർച്ച ചെയ്യേണ്ടതുമാണ്. എന്തൊക്കെയായിരുന്നാലും, ഇവയെപ്പറ്റിയുള്ള ചോദ്യങ്ങളോട് തുറന്ന മനസ്സും വിശാലമായ കാഴ്ചപ്പാടുമുള്ള വ്യക്തി ഉന്നതവും സന്തോഷകരവുമായ ജീവിതം നയിക്കുന്നു. ഇവയിലൊക്കെ മതശാസനകൾ സ്വീകരിച്ച് അത് മറ്റുള്ളവരുടെ മേൽ അടിച്ചേൽപ്പിക്കുവാൻ ശ്രമിക്കുന്നവൻ ഏറ്റവും നികൃഷ്ടമായി ജീവിക്കുന്നു.

പ്രൊട്ടസ്റ്റന്റ് വിഭാഗക്കാരെ സംബന്ധിച്ച് ഞായറാഴ്ചകളിൽ സ്വന്തം ഭാര്യയെ ചുംബിക്കുന്നത് അവരുടെ ആചാരമര്യാദയുടെ ലംഘനം മാത്രമല്ല അപമാനകരവുമായിരുന്നു. ഈ വിശുദ്ധദിനത്തിൽ സ്വന്തം മക്കളെ ചുംബിച്ചതിന് പിഴ ചുമത്തിയതിന്റെ പേരിൽ അനുയായികൾക്കിടയിലെ പിളർപ്പും ഈ സഭ അനുഭവിച്ചിട്ടുണ്ട്. ഭക്ത്യാദരവോടെ പള്ളിയിൽ പോകുന്നതിനും അവിടെ നിന്നും തിരികെ വരുന്നതിനുമല്ലാതെ ഞായറാഴ്ചകളിൽ പൊതുസ്ഥലങ്ങളിൽ പോകുന്നത് വളരെ നികൃഷ്ടമായ പ്രവൃത്തിയായിരുന്നു.

ഏറ്റവും പരിഹാസ്യമായ പ്രവൃത്തി! പള്ളിയിൽ പോയി അവിടുത്തെ പുരോഹിതൻ ബൈബിളിലെ വിഡ്ഢിത്തരങ്ങളും സംസ്കാരശൂന്യതകളും പൊരുത്തക്കേടുകളും വെളിപ്പെടുത്തുന്നതും വിശദീകരിക്കുന്നതും ആരാധനയോടെ കേൾക്കുന്നത് നികൃഷ്ടമല്ല; പകരം ഞായറാഴ്ചകളിൽ പൊതുസ്ഥലങ്ങളിൽ പ്രത്യക്ഷപ്പെടുന്നത് നികൃഷ്ടമായിരുന്നത്രേ.

എന്നാൽ ഈ ചിത്തഭ്രമം പ്രൊട്ടസ്റ്റന്റ് വിഭാഗത്തിൽ മാത്രമായിരുന്നില്ല ഉണ്ടായിരുന്നത്. എവിടെയൊക്കെ യുക്തിക്കും ബുദ്ധിക്കും മേലേ ബൈബിൾ വാക്യങ്ങൾ മേൽക്കൈ നേടിയിരുന്നോ അവിടെയെല്ലാം അതു പ്രകടമായിരുന്നു. 'ദൈവത്തിന്റെ ഉപകരണങ്ങളെയും ദൈവനിയോഗം ലഭിച്ച വ്യക്തികളെയും' നമ്മുടെ മനോവ്യാപാരങ്ങളെയും ബന്ധങ്ങളെയും നിയമങ്ങളെയും നിയന്ത്രിക്കുന്നതിന് അധികാരപ്പെടുത്തിയതിന്റെ പരിണിത ഫലങ്ങളായിരുന്നു അതെല്ലാം.

പള്ളിഭരണസമിതി ജനങ്ങളുടെ മേൽ അമിത സ്വാധീനം അനുഭവിച്ചിരുന്ന സ്കോട്ട്ലന്റിൽ ഒരുവൻ ഞായറാഴ്ച കമ്പോളത്തിൽ പോകുന്നതു പാപമായിരുന്നു. എത്ര അത്യാവശ്യമായിരുന്നാലും ഈ ദിവസം മറ്റൊരു പട്ടണത്തിൽ പോകുന്നതും നികൃഷ്ടമായിരുന്നു. ഞായറാഴ്ചകളിൽ ഒരു സ്നേഹിതനെ സന്ദർശിക്കുന്നതും പൂന്തോട്ടം നനയ്ക്കുന്നതും വാതിൽപ്പടിയിൽ ഇരിക്കുന്നതും സ്വന്തം മുഖം ക്ഷൗരം ചെയ്യുന്നതും എന്തിനേറെ, 'നാഥന്റെ ദിനത്തിൽ' ഉറങ്ങുന്നതുപോലും നിരോധിക്കപ്പെട്ടിരുന്നു. നാഥന്റെ ദിനം പരിപൂർണ്ണവും സന്തോഷകരവുമായതിനാൽ അന്നേ ദിവസം സ്നാനം ചെയ്യുന്നതു പോലും നിരോധിക്കപ്പെട്ടിരുന്നു. ഒരു ക്രിസ്ത്യാനിക്ക് എന്നെങ്കിലും പൊതുസ്നാനഘട്ടത്തിൽ കുളിക്കുന്നതിന് അനുവാദമുണ്ടായിരുന്നോ എന്നത് സംശയമാണ്. ശുദ്ധിയോടെ കഴിയുന്നതും ആഹാരം ആസ്വദിച്ച് കഴിക്കുന്നതും പാപത്തിന്റെ ലക്ഷണമായി

കണക്കാക്കപ്പെട്ടിരുന്നു. ദേഹശുദ്ധി പോലുമില്ലാത്ത 'ദൈവദാസന്മാർ' പള്ളികളിൽ നടത്തുന്ന ആ പ്രാർത്ഥനയുടെ വിശുദ്ധിയിലേക്ക് ഞാൻ കടക്കുന്നില്ല. ഇത്തരം മതിഭ്രമങ്ങളെക്കുറിച്ച് വിവരിക്കുവാൻ ഒരു വാല്യം പോലും മതിയാകില്ല. ഞായറാഴ്ചകളിൽ മറ്റുള്ളവർക്ക് എന്താപത്ത് പറ്റിയാലും ശ്രദ്ധിക്കരുതെന്നും, ഒരുവേള ഒരു കപ്പൽ മുങ്ങാൻ തുടങ്ങുകയും അതിലെ നാവികർ മരണവക്ത്രത്തിലകപ്പെടുകയും ചെയ്താലും അത് ദൈവേച്ഛയായതിനാൽ അവരെ രക്ഷിക്കാൻ ശ്രമിക്കരുതെന്നും ഈ മതഭ്രാന്തന്മാർ ജനങ്ങൾക്ക് താക്കീത് നൽകിയിരുന്നു. [Buckle- History of civilization in England. Pages 265-276]

വിശുദ്ധദിവസങ്ങളിലും ശനിയാഴ്ചകളിലും യാതൊരു വിധത്തിലുമുള്ള ജോലികളും ചെയ്യാനനുവദിക്കാതിരുന്ന ജൂതന്മാരുടെ ശാബത്തിൽ നിന്ന് പ്രചോദനമർന്നാണ് ഈ ആചാരങ്ങൾ ഉണ്ടായതെന്ന് ഞാൻ കരുതുന്നു. ഇത്തരം ഭീകരമായ അന്ധവിശ്വാസം പേറുന്ന ശപിക്കപ്പെട്ട സമൂഹത്തിലെ ജീവിതം തികച്ചും നരകതുല്യമാണ്.

തന്റെ മുമ്പിൽ ആശീർവാദത്തിനായി മുട്ടുകുത്തിയ ഒരു സ്ത്രീ ധരിച്ചിരുന്ന വസ്ത്രം അവരുടെ മാറിടത്തിന്റെ ആകാരവടിവിനെ പൂർണ്ണമായി മറയ്ക്കാത്തതിന് ഒരു കത്തോലിക്ക പുരോഹിതൻ തന്റെ മുന്നിൽ സമ്മേളിച്ച വിശാലസഭയെ ആശീർവദിക്കാൻ വിസമ്മതിച്ച സംഭവം ഇവിടെ നടന്നിട്ട് ആധികകാലമായിട്ടില്ല. 'വന്ദ്യനായ' ഒരു ഇടയൻ എന്തിനാണ് ആ സ്ത്രീയുടെ മാറിടങ്ങളിൽ മാത്രം ശ്രദ്ധിച്ചത് എന്ന വിഷയം ചർച്ച ചെയ്യാൻ ഞാൻ താൽപര്യപ്പെടുന്നില്ല. ദൈവത്തിന്റെ സ്വന്തം അനുയായി എന്ന നിലയിൽ, പ്രത്യേകിച്ചും ഒരു പുരോഹിതന്, ആ സ്ത്രീയുടെ വസ്ത്രത്തിന്റെ നേരിയ സ്ഥാനഭ്രംശം എന്ത് നഷ്ടമാണുണ്ടാക്കിയത്?

1924 ആഗസ്റ്റ് 11ന് ന്യൂയോർക്ക് ടൈംസിലൂടെ ബർഗാമോയിലെ (ഇറ്റലി) ബിഷപ്പ് മറേലി, ''കാമാവേശത്തോടെ നഗ്നത പ്രദർശിപ്പിക്കുന്ന സ്ത്രീകളെ''പ്പറ്റി ഇങ്ങനെ പറയുകയുണ്ടായി: ''സ്ത്രീകൾ പള്ളികളിൽ വരുമ്പോൾ അവർ മാന്യമായി വസ്ത്രം ധരിക്കേണ്ടതാണ്; സ്തനങ്ങളും ശിരസ്സും കഴുത്തും കൈകളും മൂടേണ്ടതാണ്. അവരുടെ കുപ്പായം ആവശ്യത്തിന് നീളമുള്ളതും കട്ടിയുള്ളതുമായിരിക്കണം.'' അലക്കുശാലകൾ നടത്തുന്ന മഠങ്ങളിലെ കന്യാസ്ത്രകളോട്, മര്യാദയില്ലാത്ത വസ്ത്രങ്ങൾ അലക്കാൻ വിസമ്മതിക്കണമെന്ന് ബിഷപ്പ് മറേലി ഉത്തരവ് നല്കി. ഏതെങ്കിലുമൊരു പാതിരിയോ മറ്റാരെങ്കിലുമോ ഒരാളുടെ രീതി, വസ്ത്രം, പെരുമാറ്റം എന്നിവയെപ്പറ്റി അസാന്മാർഗ്ഗികം എന്ന് പറയുമ്പോൾ, അശ്ലീലതകളും അസാന്മാർഗ്ഗികതകളും മാത്രമുള്ള ബൈബിളിനെപ്പറ്റി നാം എന്തു പറയണം? ബൈബിളിൽ യഥാർത്ഥ ജ്ഞാനമാണ് ഉണ്ടായിരുന്നതെങ്കിൽ, മനുഷ്യരാശി ഉത്ഭൂതമായ കാലത്തുണ്ടായിരുന്നതിനെക്കാൾ മനുഷ്യന്റെ ഉന്നതിക്കുവേണ്ടി പ്രയത്നിക്കുന്ന ഒരു ഗ്രന്ഥമായിരുന്നു ബൈബിളെങ്കിൽ, നാം അതിന്റെ രചയിതാക്കളെ ആദരിക്കുകയും അതിലെ തത്വങ്ങളെ വിശുദ്ധിയിലേക്കുള്ള മാർഗ്ഗരേഖകളായി കണക്കാക്കുകയും അർഹിക്കുന്ന ബഹുമാനം നൽകി ആരാധിക്കുകയും ചെയ്യുമായിരുന്നു.

ലോകം ഏറ്റവും ആഗ്രഹിക്കുന്നതു പോലെ, ശാസ്ത്രജ്ഞാനത്തിലൂടെ മതഭ്രാന്തും അന്തവിശ്വാസവും ഉന്മൂലനം ചെയ്യുന്ന സദ്ഗ്രന്ഥമായിരുന്നു ബൈബിളെങ്കിൽ, അത് മനുഷ്യന്റെ സംസ്കാരത്തിന് എത്രമാത്രം ഔന്നത്യം നൽകുമായിരുന്നു? ബൈബിൾ ഒരിക്കലും സ്വതന്ത്രമായി പ്രചരിച്ചതായിരുന്നില്ല; അത് എന്നും നിയമത്തിന്റെ പിൻബലത്തോടെ ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുകയായിരുന്നു. ബൈബിളിൽ വിശ്വസിക്കുന്നവൻ അതൊരിക്കലും വായിച്ചിട്ടില്ലായെന്നത് ഒരു സ്വയംസിദ്ധപ്രമാണമാണ്. ജീവിതത്തെ സ്വാധീനിച്ചേക്കാവുന്ന ഏറ്റവും വിശുദ്ധമായ നിയമങ്ങളാണ് ബൈബിളിലുള്ളത് എന്ന ചിന്തയാണ് 'അവർ വിശ്വസിച്ചിരുന്നു' എന്നത് കൊണ്ട് ഞാൻ അർത്ഥമാക്കുന്നത്. പക്ഷേ അതൊരു ഭീകരമായ തെറ്റാണ്.

ശാസ്ത്രീയ മേഖലയിലെ തെറ്റുകൾക്ക് ബൈബിളിന് നമുക്ക് മാപ്പ് കൊടുക്കാം. എന്നാൽ സദാചാരതലത്തിൽ അതിലെ അശ്ലീലതയും സംസ്കാരശൂന്യതയും ഒരിക്കലും ക്ഷമിക്കാനാവില്ല.

അതുകൊണ്ട് ബൈബിളിനെ തുറന്ന് കാട്ടേണ്ടത് നമ്മുടെ കടമയാണ്. ബൈബിളിലെ യഥാർത്ഥ സത്യത്തെ പ്രചരിപ്പിച്ച് ജനങ്ങളെ ബോധവാൻമാരാക്കുന്ന നമ്മുടെ കടമ നാം തുടരുക തന്നെ ചെയ്യും. ഈ ധർമ്മത്തിൽ നിന്നും നാം ഒരിക്കലും പിൻമാറില്ല. സത്യത്തെ അറിഞ്ഞ ശേഷം ആരൊക്കെ ബൈബിൾ അവർക്ക് ഏറ്റവും യോജിച്ചതാണെന്ന് കരുതുന്നുവോ അവരെ നാം സ്വാഗതം ചെയ്യുന്നു— മാലിന്യത്തിലുള്ള അവരുടെ വിശ്വാസത്തെ ആദരിച്ചുകൊണ്ട്.

ബക്കിളിന്റെ ഈ പരാമർശത്തെ ആർക്ക് അവഗണിക്കാൻ കഴിയും?- ''മതങ്ങളുടെ സഹവർത്തിത്വത്തെപ്പറ്റി ശ്രദ്ധയോടെ പഠിക്കുമ്പോൾ ക്രിസ്ത്യൻ രാജ്യങ്ങളിൽ നിലനിൽക്കുന്ന മതേതരത്വം, അവിടുത്തെ മതേതരസമൂഹം ക്രിസ്ത്യൻ പുരോഹിതവൃന്ദത്തിനുമേൽ നിർബന്ധിതമായി നടപ്പാക്കിയതാണെന്നു കാണാം.

അടിമത്തം ദൈവം നിർദ്ദേശിക്കുന്നു എന്ന രൂപത്തിലുള്ള ബൈബിളിലെ വചനങ്ങളായിരുന്നു അടിമത്തസമ്പ്രദായം നിർമാർജ്ജനം ചെയ്യാനുള്ള യജ്ഞത്തിലെ ഏറ്റവും വലിയ തടസ്സം. ലോകത്ത് ഏത് ഭാഷയിലുമുള്ളതിനെക്കാൾ, സ്ത്രീകളെപ്പറ്റി അങ്ങേയറ്റം തരംതാണ പ്രസ്താവനകളുള്ളത് ബൈബിളിലാണെന്ന് ഈ പുസ്തകം തുടർന്ന് വായിക്കുമ്പോൾ മനസിലാക്കാൻ കഴിയും. ബൈബിളിലെ ഉൾക്കുറിപ്പുകൾ തുറന്ന മനസോടെ വായിക്കുന്ന ഒരാൾ അതിന്റെ സംസ്കാരശൂന്യത മനസിലാക്കി അതിനെ ഉപേക്ഷിക്കും എന്നെനിക്ക് ഉറപ്പുണ്ട്. മേലിൽ ബൈബിളിനെപ്പറ്റി പരാമർശിക്കുമ്പോൾ 'വിശുദ്ധം' എന്ന പദം ഉപയോഗിച്ച് ആ പദത്തെ അപമാനിക്കാൻ അവർ ശ്രമിക്കുകയില്ലയെന്നും ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു. ഇനിയും നിങ്ങളതിനെ വിശുദ്ധമെന്ന് കണാക്കുന്നുവെങ്കിൽ, അന്തവിശ്വാസം കൊണ്ട് മലീമസമായ ബൈബിളിന്റെ വഴിയെ അന്ധമായി ചരിക്കുന്ന നിങ്ങളോട് എനിക്ക് സഹതാപമേയുള്ളു.

ബൈബിളിലെ ചില ഭാഗങ്ങൾ അവരുടെ മതസമ്മേളനങ്ങളിൽ പരസ്യമായി വായിക്കുന്ന പ്രഭാഷകർക്ക് ഒരു വൻതുക റോബർട്ട് ജി. ഇൻഗർസോൾ വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ നാളിതു വരെ ലോകത്തൊരു പുരോഹിതനും ഈ സാഹസത്തിനു മുതിർന്നിട്ടില്ല എന്നതാണു വാസ്തവം.

ബൈബിളും അതിന്റെ പ്രചാരണവും ഗവൺമെന്റ് നിയമം മൂലം നിരോധിക്കാത്തിടത്തോളം കാലം അതിലെ ചില ഭാഗങ്ങൾ ഞാൻ ഉദ്ധരിക്കുന്നത് കുറ്റകരമായി കണക്കാക്കപ്പെടില്ല.

വിശുദ്ധമെന്ന് വിശേഷിപ്പിക്കപ്പെട്ട ഈ 'വിശുദ്ധഗ്രന്ഥത്തിൽ', സദാചാരം, സാന്മാർഗികത, ധർമ നിഷ്ഠ തുടങ്ങിയ സദ്പദങ്ങൾ ഒരിടത്തും ഉപയോഗിച്ചിട്ടില്ല. ഒരു വിശുദ്ധഗ്രന്ഥം ഇത്രയും അധഃപതിച്ച അവസ്ഥ ബൈബിളിൽ മാത്രമേ നമുക്ക് കാണാൻ കഴിയൂ. അതിനും വ്യക്തമായ കാരണമുണ്ട്. ബൈബിളിന്റെ രചയിതാക്കൾക്ക് സാന്മാർഗികതയോ ധർമ്മനിഷ്ഠയോ അൽപംപോലും പരിചയമുണ്ടായിരുന്നില്ല. സദാചാരനിയമങ്ങളെപ്പറ്റി അവർ സഹതാപകരമാംവണ്ണം അജ്ഞരായിരുന്നു. ബലാൽസംഗം, കൊലപാതകം, മോഷണം, അടിമത്തം, അശ്ലീലം, അവഗണന, അവജ്ഞ, ലൈംഗികത, തരംതാണ അന്ധവിശ്വാസം - ഇതൊക്കെ മാത്രമേ അവർക്കറിയുമായിരുന്നുള്ളു.

ബൈബിളിലെ മോശമായ പരാമർശങ്ങൾ മാത്രം തിരഞ്ഞെടുത്ത് നിരത്തി അതിനെ അപകീർത്തിപ്പെടുത്താനാണ് ഞാൻ ശ്രമിക്കുന്നതെന്ന് ചിലർ വാദിച്ചേക്കാം. അത്തരം ഒരു നിഗമനം യാഥാർത്ഥ്യത്തെ അംഗീകരിക്കലാണ്. അത് ബൈബിളിന്റെ നിലവാരത്തകർച്ചയാണ് വെളിപ്പെടുത്തുന്നത്.

ഞാൻ പറയുന്നത് സത്യമോ മിഥ്യയോ എന്ന് ബൈബിൾ പരിശോധിച്ച് നിങ്ങൾ സ്വയം ബോധ്യപ്പെടുക. ബൈബിളിന്റെ താളുകളിലൂടെ തുടർന്നു പോകുമ്പോൾ നിങ്ങൾ സ്വയം ലജ്ജിച്ചു പോകും - നൂറ്റാണ്ടുകളായി നിയമത്തിന്റെയും ഭീഷണിയുടെയും കൂട്ടക്കൊലകളുടെയും പീഢനങ്ങളുടെയും സഹായത്തോടെ അടിച്ചേൽപ്പിക്കപ്പെട്ട "സത്യവേദപുസ്തകത്തിന്റെ" നിലവാരമോർത്ത്.

നമുക്ക് പ്രവേശിക്കാം: അശ്ലീലതയുടെ, ആഭാസത്തരത്തിന്റെ, അവിഹിതരതിവേഴ്ചകളുടെ 'വിശുദ്ധ വേദപുസ്തകത്തിലേക്ക്'.

# അദ്ധ്യായം – 1
# അബ്രാമും സാറായ്‌യും

സ്ത്രീയും പുരുഷനും തമ്മിലുള്ള സ്നേഹവും ഐക്യവുമാണ് ജീവിതത്തിന്റെ ഏറ്റവും വിശുദ്ധമായ ആരാധന. പരസ്പരവിശ്വാസത്തോടെ ആ ബന്ധത്തെ നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യാതെ കുടുംബബന്ധം സന്തോഷകരമാക്കുവാൻ സാധ്യമല്ല. ഐക്യവും പരിശുദ്ധ വിശ്വാസവുമാണ് പുരോഗതിയുടെയും സന്തോഷത്തിന്റെയും പ്രചോദനം. സ്നേഹബന്ധം ഊഷ്മളവും ദൃഢവുമാക്കുന്നതും മറ്റൊന്നല്ല.

വിവാഹ ജീവിതം നയിക്കുന്ന ഒരു പുരുഷൻ സ്വന്തം പങ്കാളിയെ കൂട്ടിക്കൊടുക്കുന്നത് നരകതുല്യവും നിന്ദാകരവും നികൃഷ്ടവുമാണ്. അങ്ങേയറ്റം വേദനാജനകവും ദു:ഖകരവുമായ ഒരു അവസ്ഥയിൽ ദമ്പതികൾ തമ്മിൽ അകലുന്നത് നമുക്ക് മനസിലാക്കാവുന്നതാണ്. പക്ഷേ പരിശുദ്ധമായ ഈ ബന്ധം അവരിലൊരാൾ സ്വാർത്ഥതയ്ക്കും സ്വയരക്ഷയ്ക്കും വേണ്ടി ഉപയോഗിക്കുമ്പോൾ ആ വ്യക്തിയെ മനുഷ്യനെന്നു പോലും പറയാനാകില്ല; കാരണം മൃഗങ്ങൾ പോലും തന്റെ ഇണയെ സ്വജീവൻ ബലികൊടുത്തു സംരക്ഷിക്കും.

ഇനി ബൈബിളിലുള്ള നികൃഷ്ടരായ ഇത്തരം വ്യക്തികളെ നമുക്കൊന്ന് അടുത്തു പരിശോധിക്കാം- കാരണം ഈ വ്യക്തികൾ "ദൈവത്തിന്റെ" "പ്രത്യേക അനുഗ്രഹം" ലഭിച്ചവരാണ്; പ്രവാചകന്മാരുമാണ്.

ബൈബിളിൽ നിന്നുള്ള നിന്ദ്യമായ ഒരു സന്ദർഭം ഞാൻ ഉദ്ധരിക്കാം.

**ഉൽപത്തി 12: 11-20**

*11: ഈജിപ്തിൽ പ്രവേശിക്കുന്നതിനു മുൻപ് അബ്രാം ഭാര്യ സാറായിയോടു പറഞ്ഞു: 'നീ സുന്ദരിയാണെന്ന് എനിക്കറിയാം.*

*12: ഈജിപ്തുകാർ നിന്നെ കാണുമ്പോൾ "ഇവൾ അയാളുടെ ഭാര്യയാണ്" എന്നു പറയുകയും എന്നെ കൊല്ലുകയും ചെയ്യും.*

*13: നീ നിമിത്തം എനിക്കു നന്മ വരാൻ നീ എന്റെ സഹോദരിയാണെന്നു പറയുക. നീ നിമിത്തം എന്റെ ജീവൻ രക്ഷിക്കപ്പെടുകയും ചെയ്യും.*

*14: അബ്രാം ഈജിപ്തിൽ പ്രവേശിച്ചപ്പോൾ സ്ത്രീ അത്യന്തം സുന്ദരിയാണെന്ന് ഈജിപ്തുകാർ കണ്ടു. അവളെക്കണ്ട ഫറവോന്റെ പ്രഭുക്കന്മാർ ഫറവോന്റെ മുമ്പിൽ അവളെപ്പറ്റി പ്രശംസിച്ചു സംസാരിച്ചു.*

*15: സ്ത്രീയെ ഫറവോന്റെ അരമനയിലേക്കു കൂട്ടിക്കൊണ്ടു പോയി.*

*16: അവൾ നിമിത്തം ഫറവോൻ അബ്രാമിനോടു ദയാപൂർവ്വം പെരുമാറി. അയാൾക്ക് ആടുമാടുകളെയും ആൺകഴുതകളെയും ഭൃത്യൻമാരെയും ഭൃത്യകളെയും പെൺകഴുതകളെയും ഒട്ടകങ്ങളെയും നൽകി.*

*17: അബ്രാമിന്റെ ഭാര്യ സാറായ് നിമിത്തം കർത്താവ് ഫറവോനെയും കുടുംബത്തെയും മഹാരോഗങ്ങളാൽ പീഢിപ്പിച്ചു.*

*18: അതിനാൽ ഫറവോൻ അബ്രാമിനെ വിളിച്ചു പറഞ്ഞു. "നീ എന്താണ് എന്നോട് ഈ ചെയ്തത്? അവൾ നിന്റെ ഭാര്യയാണെന്ന് എന്തുകൊണ്ട് എന്നോടു പറഞ്ഞില്ല?"*

*19: "അവൾ നിന്റെ സഹോദരിയാണെന്ന് പറഞ്ഞതു കൊണ്ടല്ലേ ഞാൻ അവളെ ഭാര്യയായി സ്വീകരിച്ചത്? ഇതാ നിന്റെ ഭാര്യ. അവളെയും കൂട്ടിക്കൊണ്ടു പോകൂ."*

*20: ഫറവോൻ തന്റെ ആൾക്കാർക്ക് അയാളെക്കുറിച്ച് ഉത്തരവുകൾ നൽകി. അവർ അയാളെയും ഭാര്യയെയും അയാൾക്കുള്ള സർവവുമായി പറഞ്ഞയച്ചു.*

ലോകമാകമാനം വിശിഷ്ടവ്യക്തിയെന്ന് അത്യധികം ആദരിക്കുകയും സ്തുതിക്കുകയും ചെയ്യപ്പെടുന്നയാളാണ് അബ്രാം; ദൈവത്തിനു വേണ്ടി ചെയ്തതായുള്ള അയാളുടെ പ്രവൃത്തികളെ പ്രത്യേകിച്ചും. അബ്രാമുമായാണ് ദൈവം കരാറുണ്ടാക്കിയതെന്ന കാര്യം പത്യേകം ഓർക്കേണ്ടതാണ്. അബ്രാമിനെ തീർച്ചയായും 'ജനതയുടെ പിതാവെന്ന്' അറിയപ്പെടുന്ന ജോർജ്ജ് വാഷിംഗ്ടണ്ണിനോട് ഉപമിക്കാവുന്നതാണ്. പക്ഷേ ഞാൻ ഒന്ന് ചോദിക്കട്ടെ?- "നിങ്ങൾക്ക് ഒരു രാജ്യത്തു നിന്ന് മറ്റൊരിടത്തേക്ക് പോകുന്നതിനായി നിങ്ങൾ ഏറ്റവുമധികം സ്നേഹിക്കുന്ന ഭാര്യയെയോ മകളെയോ വേശ്യാവൃത്തിക്കു പ്രേരിപ്പിക്കാൻ കഴിയുമോ?"

അബ്രാമിന്റെ ശരീരസുരക്ഷ ഉറപ്പാകുന്നതു വരെ സാറായിയുടെ വികാരങ്ങൾക്കും അവകാശങ്ങൾക്കും സ്ത്രീസ്വാതന്ത്ര്യത്തിനും മാനത്തിനും യാതൊരു വിലയുമില്ല. സ്വപതിയുടെ ഈ നികൃഷ്ടനാടകത്തിൽ സാറായ് പൂർണ്ണ സമർപ്പണത്തോടെ സ്വധർമ്മം അഭിനയിച്ചു എന്ന കാര്യം നിസ്തർക്കമാണ്. കാരണം "അവൾ നിമിത്തം ഫറവോൻ അബ്രാമിനോടു ദയാപൂർവ്വം പെരുമാറി".

ഈ സന്ദർഭം വായിക്കുന്ന ആർക്കും സഹതാപം തോന്നാവുന്നത് സ്വാർത്ഥനും നികൃഷ്ടനുമായ അബ്രാമിനോടും അവന്റെ കിരാതമായ പ്രവൃത്തികളെ അംഗീകരിച്ചാശീർവദിക്കുന്ന കർത്താവിനോടുമാകില്ല; മറിച്ച് നിരപരാധിയും ഈ സന്ദർഭത്തിൽ നീതിമാനുമായി പ്രവർത്തിച്ച ഫറവോനോടാണ്. സത്യം മനസിലാക്കിയ ഫറവോൻ അസന്നിഗ്ദ്ധമായി അബ്രാമിനോട് പറയുന്നു- സാറായ് അബ്രാമിന്റെ ഭാര്യയാണെന്ന് പറഞ്ഞിരുന്നെങ്കിൽ ഒരിക്കലും അയാൾ അവളെ പ്രാപിക്കില്ലായിരുന്നുവെന്ന്.

ഈ സന്ദർഭത്തിലെ മാതൃകാപുരുഷൻ നിശ്ചയമായും ഫറവോനാണ്. അല്ലാതെ ജൂതന്മാരുടെ പിതാവ് എന്ന് ആരാധനയോടെ മൂഢബുദ്ധികൾ വിളിക്കുന്ന അബ്രാമല്ല. ഇത്തരം 'മഹാപുരുഷന്മാരുടെ' കഥകളിൽ നിന്നാണോ നമ്മുടെ പുത്രിമാർ പാതിവ്രത്യത്തിന്റെ സദ്പാഠങ്ങൾ പഠിക്കേണ്ടത്?

ബൈബിൾ വചനങ്ങളിൽ എത്രയൊക്കെ വിശ്വസിക്കുന്നവളാണെങ്കിലും വിവേചന ബുദ്ധിയുള്ള ഒരു സ്ത്രീ എങ്ങനെയുള്ള ഒരു പുരുഷനെയാണ് ആഗ്രഹിക്കുക? സ്വന്തം സുരക്ഷയ്ക്ക് വേണ്ടി പ്രിയപ്പെട്ട ഭാര്യയെ മറ്റൊരുവന്റെ കാമപൂർത്തിക്കു സമർപ്പിക്കുന്ന അബ്രാമിനെപ്പോലൊരു നീചനെയോ; അതോ സ്വന്തം പ്രാണനും ശരീരവും കൊണ്ട് അവളെ സംരക്ഷിക്കുന്ന 'ദിവ്യതകളില്ലാത്ത' ഒരു സാധാ

രണ പുരുഷനെയോ? നിശ്ചയമായും സ്വയരക്ഷയ്ക്കായി പത്നിയെ കൂട്ടിക്കൊടുക്കുന്ന അബ്രാമിനെ പോലോരുവനെയാകില്ല അവൾ ആഗ്രഹിക്കുക.

ബൈബിളിലെ ലജ്ജാകരമായ സന്ദർഭങ്ങളെപ്പറ്റി അതു സ്വയം വിവരിക്കുന്നത്ര നന്നായി വിശദീകരിക്കുവാൻ ആർക്കും സാധിക്കില്ല. പക്ഷേ ഈ മാതൃകാദമ്പതികളെപ്പറ്റി വൃത്തികെട്ട ചില കാര്യങ്ങൾ കൂടി ഞാൻ ചൂണ്ടിക്കാണിക്കുവാനാഗ്രഹിക്കുന്നു. അവരുടെ സാംസ്കാരികോന്നതിയുടെ ചില ഉദാഹരണങ്ങൾ കാണുക! മേൽ വിവരിച്ച കഥയിൽ നിന്നുതന്നെ ആ ദമ്പതികൾ നികൃഷ്ടരാണെന്ന് ആർക്കും മനസിലാകുമെങ്കിലും ബൈബിൾ മറ്റ് ചില കഥകൾ കൂടി ചേർത്ത് ഈ 'സ്വർഗ്ഗീയ ദമ്പതികളെ' 'സംപൂജ്യരാക്കിയിരിക്കുന്നു'.

**ഉൽപത്തി 16: 1-2**

1: *അബ്രാമിന്റെ ഭാര്യ സാറായ് അതു വരെ പ്രസവിച്ചിരുന്നില്ല. അവൾക്കു ഹാഗാർ എന്നു പേരായ ഈജിപ്തുകാരിയായ ഒരു ദാസി ഉണ്ടായിരുന്നു.*

2: *സാറായ് അബ്രാമിനോടു പറഞ്ഞു: 'നോക്കൂ, കർത്താവു സന്താനഭാഗ്യം എനിക്കു നിഷേധിച്ചിരിക്കുന്നുവല്ലോ. അങ്ങ് എന്റെ ദാസിയെ പ്രാപിച്ചാലും; ഒരു പക്ഷേ അവളിൽ നിന്ന് എനിക്ക് സന്തതികളെ ലഭിച്ചേക്കാം'. ഗാറായ് പറഞ്ഞത് അബ്രാം ചെവിക്കൊണ്ടു.*

സംസ്കാരശൂന്യതയുടെ മറ്റൊരുദാഹരണം:- സാറായ് അബ്രാമിനോട് പറയുന്നു- 'അങ്ങ് എന്റെ ദാസിയെ പ്രാപിച്ചാലും'. അബ്രാമിന് യാതൊരു എതിർപ്പുമില്ലായിരുന്നുവെന്ന് ബൈബിൾ വ്യക്തമാക്കുന്നു. "അബ്രാം സാറായ് പറഞ്ഞതു ചെവിക്കൊണ്ടു."

ആദ്യ കഥയിൽ നിന്ന് കാര്യങ്ങളിവിടെ മാറിമറിയുന്നു. ഭർത്താവിന്റെ പരസ്ത്രീബന്ധം കണ്ടെത്തുന്ന ഭാര്യ വിവാഹമോചനത്തിനായി കോടതിയെ സമീപിക്കുനതും കോടതി അതനുവദിച്ചു നൽകുന്നതും ഇന്ന് സ്ഥിരം കാഴ്ചയാണ്. പക്ഷേ ഈ ദമ്പതികളിൽ നിന്ന് നമുക്ക് ഇനിയുമേറെ പഠിക്കാനുണ്ട്.

**ഉൽപത്തി 16: 35**

3: *അങ്ങനെ അബ്രാം കാനാനിൽ പത്തു വത്സരം താമസിച്ചു കഴിഞ്ഞപ്പോൾ ഭാര്യയായ സാറായ് തന്റെ ഈജിപ്തുകാരിയായ ദാസി ഹാഗാറിനെ ഭർത്താവായ അബ്രാമിന് ഒരു ഭാര്യയായി കൊടുത്തു. അബ്രാം ഹാഗാറിനെ പ്രാപിച്ചു.*

4: *അവൾ ഗർഭിണിയായി. ഗർഭിണിയാണെന്ന് മനസിലാക്കിയതു മുതൽ ഹാഗാർ യജമാനത്തിയെ പുച്ഛത്തോടെ വീക്ഷിക്കാൻ തുടങ്ങി.*

5: *അപ്പോൾ സാറായ് അബ്രാമിനോടു പറഞ്ഞു 'എന്നോടുള്ള ഈ തെറ്റിന് അങ്ങ് ഉത്തരവാദിയാകട്ടെ. എന്റെ ദാസിയെ അങ്ങയുടെ ആലിംഗനത്തിനു വിട്ടു തന്നതു ഞാനാണ്. ഗർഭിണിയാണെന്നു മനസിലാക്കിയതു മുതൽ അവൾ എന്നെ പുച്ഛിച്ചു തുടങ്ങിയിരിക്കുന്നു. എനിക്കും അങ്ങേയ്ക്കുമിടയിൽ കർത്താവ് വിധി കൽപ്പിക്കട്ടെ'*

ഇത്തരമൊരു അവസരത്തിൽ എന്തു കൊണ്ട് ഒരു സ്ത്രീയുടെ മനസിൽ അഹംഭാവമുണ്ടാകണം എന്നെനിക്ക് മനതിലാകുന്നില്ല. കൂടാതെ, സാറായ് തന്റെ ദാസിയെ അബ്രാമിന് ഒരു ഭാര്യയായാണ് നൽകിയത് എന്ന് പറയുന്നു. ആ സ്ഥിതിക്ക് താൻ ആരിൽ നിന്ന് അമ്മയാകാൻ പോകുന്നുവോ ആ വ്യക്തിയിൽ നിന്ന് മതിയായ സംരക്ഷണം ലഭിക്കുന്നതിന് ഹാഗാറിന് ധാർമ്മികമായ അവകാശമുണ്ട്.

തുടർന്നു പറയുന്നു;

**ഉൽപത്തി 16: 6**

6: *അബ്രാം സാറായ്യോടു പറഞ്ഞു. 'നോക്കൂ, നിന്റെ ദാസി നിന്റെ കീഴിൽ തന്നെയാണ്. നിനക്കിഷ്ടമുള്ള വിധം അവളോടു പെരുമാറിക്കൊള്ളുക'. തുടർന്നു സാറായ് ഹാഗാറിനോടു ക്രൂരമായി പെരുമാറി. ഹാഗാർ അവിടെനിന്ന് ഓടിപ്പോയി.*

സ്ത്രീപുരുഷ ബന്ധത്തിലെ ഏറ്റവും വെറുപ്പുളവാക്കുന്ന അനുഭവമാണ് ഹാഗാറിന് അബ്രാമിൽ നിന്നുണ്ടായത്-തന്റെ കുഞ്ഞിന്റെ മാതാവാകാൻ പോകുന്ന സ്ത്രീയെ സംരക്ഷിക്കാൻ അബ്രാം വിസമ്മതിച്ചു. ഇത്തരം നീചമായ പ്രവൃത്തി ചെയ്യുകയും അതിന്റെ ഉത്തരവാദിത്വം സ്വന്തം ഭാര്യയിൽ ചുമത്തുകയും ചെയ്യുന്ന അബ്രാമിനെപ്പോലെയുള്ള ഒരു നരാധമനോടുള്ള വെറുപ്പ് നമുക്ക് പറഞ്ഞറിയിക്കാനാകില്ല. അല്ലെങ്കിലും ഈ ദമ്പതികളിൽ നമുക്ക് ഉന്നതവും ഉത്കൃഷ്ടവുമായ പ്രതീക്ഷകളില്ലല്ലോ. അബ്രാമിന്റെ 'ഉത്കൃഷ്ടമായ' സ്വഭാവം നമുക്ക് ഫറവോനുമായുള്ള അദ്ദേഹത്തിന്റെ ബന്ധത്തിൽ നിന്നും അറിവുള്ളതാണ്. ഇത്തരം വ്യക്തികൾ സ്വധർമ്മത്തിൽ നിന്നും ഒളിച്ചോടുമെന്ന് നാം സ്വാഭാവികമായും പ്രതീക്ഷിക്കും.

'സ്ത്രീയുടെ പാവാടയ്ക്കു പിന്നിൽ ഒളിക്കാൻ സമർത്ഥൻ' എന്ന് അബ്രാമിനെ പറ്റിയുള്ള ചരിത്രപരമായ വിശേഷണത്തെ ആർക്കെങ്കിലും നിഷേധിക്കാനാകുമോ? ബൈബിൾ കാലത്തെ പുരുഷമേധാവിത്വ സാഹചര്യത്തിൽ ചെയ്തതു പോലെ ആധുനികയുഗത്തിലെ പുരുഷന്മാരിലാരെങ്കിലും തരം താഴുമോ?

നിരാലംബയായ ഹാഗാറിനെ അബ്രാം സ്വഭവനത്തിൽ നിന്ന് പുറത്താക്കി. അനാഥയായ ആ ഗർഭവതി വനാന്തരത്തെ ഭവനമാക്കി. 'ദൈവം' ഈ സന്ദർഭത്തിൽ 'ഇടപെട്ടു'. അതു കൊണ്ട് ആ നിരാലംബയ്ക്ക് എന്ത് നേട്ടമാണ് ഉണ്ടായത് എന്ന് നമുക്ക് നോക്കാം.

**ഉൽപത്തി 16: 7-12**

7: *കർത്താവിന്റെ മാലാഖ മരുഭൂമിയിൽ ശൂറിലേക്കുള്ള മാർഗ്ഗമദ്ധ്യേ ഒരു നീരുറവിന്റെ കരയിൽ ഹാഗാറിനെ കണ്ടു.*

8: *മാലാഖ ചോദിച്ചു: 'സാറായ്യുടെ ദാസിയായ ഹാഗാറേ, നീ എവിടെ നിന്നു വരുന്നു? എങ്ങോട്ടു പോകുന്നു?' 'യജമാനത്തിയായ സാറായ്യിൽ നിന്ന് ഞാൻ ഓടിപ്പോകയാണ്' എന്നവൾ മറുപടി നൽകി.*

9: *അപ്പോൾ കർത്താവിന്റെ മാലാഖ അവളോടു പറഞ്ഞു: 'നീ യജമാനത്തിയുടെ അടുത്തേക്കു മടങ്ങിപ്പോയി അവൾക്കു വഴങ്ങി ജീവിക്കുക.'*

*10: കർത്താവിന്റെ മാലാഖ തുടർന്ന് അവളോട് പറഞ്ഞു: 'എണ്ണിയാലൊടുങ്ങാത്തവണ്ണം നിന്റെ സന്തതി പരമ്പരയെ ഞാൻ വർദ്ധിപ്പിക്കും'.*

*11: കർത്താവിന്റെ മാലാഖ തുടർന്നു: 'ഇതാ നീ ഗർഭിണിയാണ്. നീ ഒരു പുത്രനെ പ്രസവിക്കും. കർത്താവ് നിന്റെ സങ്കടം കേട്ടിരിക്കുന്നതിനാൽ കുട്ടിക്കു യിശ്മായേൽ എന്നു പേരിടണം.*

*12: യിശ്മായേൽ കാട്ടുകഴുത പോലെയുള്ള ഒരു മനുഷ്യനായിരിക്കും. അയാളുടെ കരം എല്ലാവർക്കും എതിരായും എല്ലാവരുടെയും കരം അയാൾക്ക് എതിരായും ഉയരും. അയാൾ തന്റെ എല്ലാ ചാർച്ചക്കാരോടും വിരോധിച്ചു മാറിത്താമസിക്കും'.*

സാറായുടെ കുതന്ത്രങ്ങളെയും വഞ്ചനയെയും അബ്രാമിന്റെ നികൃഷ്ടയെയും ഇതിൽ കൂടുതൽ വർണ്ണിക്കേണ്ടതില്ല. ഇന്നത്തെ കാലഘട്ടത്തിലായിരുന്നുവെങ്കിൽ സമൂഹം ഈ 'ദിവ്യപുരുഷനെ' കല്ലെറിഞ്ഞു കൊല്ലുമായിരുന്നു.

ദുഷിച്ച സ്വന്തം ജീവനെ രക്ഷിക്കാൻ ഇനിയുമെത്ര പുരുഷന്മാർക്ക് സാറായ്യുടെ ശരീരം അയാൾ കാഴ്ച വച്ചിട്ടുണ്ടാകും? ഈ നീചപ്രവൃത്തി ഓരോ വട്ടം ആവർത്തിച്ചപ്പോഴും അയാൾക്ക് വളരെയേറെ ലാഭം കിട്ടിയിട്ടുണ്ടെന്നാണ് ലഭ്യമായ വിവരങ്ങളിൽ നിന്നു വ്യക്തമാകുന്നത്. ചിന്താശേഷിയുള്ള ഒരു വ്യക്തിക്ക് ഈ 'വിശിഷ്ട ദമ്പതികളുടെ' 'വിശുദ്ധി' മനസിലാകുന്നതിന് ഈ ദിവ്യപ്രവൃത്തികളിൽ ഒന്നു മാത്രം മതിയാകുമെന്ന് ഞാൻ കരുതുന്നു.

'ദൈവത്തിന്റെ സദുപദേശം' ചെവിക്കൊണ്ട് യജമാനത്തിയുടെ അടുത്തേക്ക് മടങ്ങിപ്പോയ ഹാഗാറിന് എന്താണ് സംഭവിച്ചതെന്ന് നമുക്ക് നോക്കാം. സാറായ്യും അബ്രാമും കൂടി അവളെ വീണ്ടും പുറത്താക്കുകയും അവൾക്ക് വീണ്ടും വനാന്തരത്തെ സമാശ്രയിക്കേണ്ടിയും വന്നു. അതിൽപ്പിന്നെ ദൈവത്തെപ്പറ്റിയുള്ള യാതൊരു വിവരവും ലഭ്യമല്ല.

ആ ദൈവത്തിന്റെ ഉപദേശവും അത്ര നല്ലതല്ലെന്ന് ഈ സന്ദർഭത്തിൽ നിന്ന് നമുക്ക് മനസിലാക്കാം. നീതിമാനെന്ന് വിശേഷിപ്പിക്കപ്പെട്ട ദൈവം അബ്രാമിനെയും സാറായ്യെയും ശപിച്ചില്ല; പകരം ആ നരാധമനുമായി കരാറുണ്ടാക്കുകയും ചെയ്തു. തീർച്ചയായും അത്തരമൊരു ദൈവത്തിന്റെ മഹത്വം 'അത്യുന്നതങ്ങളിലല്ല'; വളരെ താഴെയാണ്.

സർവ്വവും നഷ്ടപ്പെട്ട ഹാഗാറിന് തന്റെ മാലാഖയിലൂടെ 'ദൈവം' നൽകിയ സന്ദേശവും അത്ര സുഖകരമായിരുന്നില്ല. സ്വന്തം മകൻ കാട്ടുകഴുത പോലെ ഒരു മനുഷ്യനായിരിക്കുമെന്നും '*അയാളുടെ കരം എല്ലാവർക്കും എതിരായും എല്ലാവരുടെയും കരം അയാൾക്ക് എതിരായും ഉയരും. അയാൾ തന്റെ എല്ലാ ചാർച്ചക്കാരോടും വിരോധിച്ചു മാറിത്താമസിക്കും*' എന്നുമാണ് ദു:ഖിതയായ ഒരു ഗർഭവതിയോട് 'കരുണാമയനായ' ദൈവത്തിന്റെ വാഗ്ദാനം. കഷ്ടം! ഫറവോനാണോ ദൈവമാണോ നീതിമാൻ എന്ന് ചിന്തിക്കാനുള്ള അവസരം ഒരിക്കൽക്കൂടി ഞാൻ നിങ്ങൾക്കു വിടുന്നു.

അടുത്ത കഥ ഇതിനോട് വളരെ സാദൃശ്യമുള്ളതാണ്. കഥാപാത്രങ്ങൾ മാറുന്നു, കുലമഹിമ മാറുന്നില്ല.

# അദ്ധ്യായം - 2
# ഇസഹാക്കും റബേക്കയും

പിതാവിനെപ്പോലെ തന്നെ പുത്രനും!

അബ്രാമിന്റെ പുത്രനായ ഇസഹാക്ക് പിതാവിന്റെ മറ്റൊരു പതിപ്പായിരുന്നു. അബ്രാം 'വളരെ ഉന്നതമായ ജീവിതം' നയിച്ചിരുന്നതു കൊണ്ട് ദൈവം അയാളെ വളരെയേറെ സഹായിച്ചിരുന്നു.

ഇസഹാക്കും പിതാവിന്റെ 'കാൽപ്പാടുകൾ' പിൻതുടർന്നതിൽ അത്ഭുതമില്ല. അതിനിന്ദ്യനായ ഈ ജൂതപിതാവ്, തന്റെ പിതാവ് അയാളുടെ അമ്മയോടു ചെയ്ത നികൃഷ്ടവും മ്ലേച്ഛവുമായ അതേ പ്രവൃത്തി, 'സുന്ദരിയായതിനാൽ' സ്വന്തം ഭാര്യ റബേക്കയോടും ചെയ്യുവാൻ തയ്യാറായിരുന്നുവെന്ന് നമുക്ക് കാണാം.

**ഉൽപ്പത്തി 26: 1-7**

*1: അബ്രാഹാമിന്റെ കാലത്ത് ഉണ്ടായ ക്ഷാമത്തിനു ശേഷം വീണ്ടും ഒരു ക്ഷാമം നാട്ടിലുണ്ടായി. ഇസഹാക്ക് ഗെറാറിൽ, ഫെലിസ്തിയ രാജാവായ അബിമേലക്കിന്റെ അടുത്തേക്കു പോയി.*

*2: കർത്താവ് ഇസഹാക്കിനു പ്രത്യക്ഷനായി അരുൾ ചെയ്തു: 'നീ ഈജിപ്തിലേക്കു പോകരുത്. ഞാൻ നിന്നോടു നിർദ്ദേശിക്കുന്ന ദേശത്തു പാർക്കുക.*

*3: തൽക്കാലം ഈ ദേശത്തു തന്നെ പ്രവസിക്കുക. ഞാൻ നിന്നോടൊപ്പം ഉണ്ടായിരിക്കും, നിന്നെ അനുഗ്രഹിക്കും. ഈ ദേശമെല്ലാം നിനക്കും നിന്റെ സന്തതികൾക്കുമായി ഞാൻ നൽകും. അങ്ങനെ ഞാൻ നിന്റെ പിതാവായ അബ്രഹാമിനോടു ചെയ്ത വാഗ്ദാനം നിറവേറ്റും*

*4: ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെ നിന്റെ സന്തതികളെ ഞാൻ വർദ്ധിപ്പിക്കും. നിന്റെ സന്തതികൾക്ക് ഈ ദേശം മുഴുവൻ ഞാൻ നൽകും. നിന്റെ സന്തതികൾ മുഖാന്തരം ഭൂമിയിലെ എല്ലാ ജനങ്ങളും അനുഗൃഹീതരാകും*

*5: കാരണം, അബ്രഹാം എന്റെ സ്വരം കേട്ട് അനുസരിച്ചു; എന്റെ നിയോഗവും എന്റെ കല്പനകളും എന്റെ ചട്ടങ്ങളും എന്റെ നിയമങ്ങളും അനുസരിച്ചു'. തന്മൂലം ഇസഹാക്ക് ഗെറാറിൽ താമസിച്ചു.*

*6: അവിടുത്തെ നിവാസികൾ അയാളുടെ ഭാര്യയെപ്പറ്റി അന്വേഷിച്ചപ്പോൾ അവൾ 'എന്റെ സഹോദരിയാണ്' എന്നു പറഞ്ഞു; കാരണം, 'അവൾ എന്റെ ഭാര്യയാണ്' എന്നു പറയുവാൻ ഇസഹാക്ക് ഭയപ്പെട്ടു. റിബെക്ക സുന്ദരിയാകയാൽ, 'അവൾക്കു വേണ്ടി സ്ഥലനിവാസികൾ എന്നെ കൊലപ്പെടുത്തിയേക്കും' എന്ന് അയാൾ ചിന്തിച്ചു.*

സ്വന്തം പിതാവിന്റെ സ്വഭാവങ്ങൾ ജന്മസിദ്ധമായി ലഭിച്ചതിനും ആ കാൽപ്പാടുകൾ പിൻതുടരുന്നതിലും മാത്രമല്ല, സ്വപിതാവിനെപ്പോലെ സുന്ദരികളായ സ്ത്രീകളെ സ്വന്തമാക്കുന്നതിലും അയാൾ വിദഗ്ധനായിരുന്നു. റബേക്കയും സാറയും 'സുന്ദരിയാകയാൽ' എന്നു പറയുന്നതിലൂടെ മറ്റ് ആളുകളെ അവർ മോഹിപ്പിച്ചിരുന്നു എന്ന് മനസിലാക്കാം. ഇസഹാക്കും അബ്രഹാമും സ്വയരക്ഷയ്ക്ക് വേണ്ടി സ്വന്തം ധർമ്മപത്നിമാരെ കൂട്ടിക്കൊടുക്കാൻ തയ്യാറായിരുന്നു.

**ഉൽപ്പത്തി 26: 8-11**

*8: ഇസഹാക്ക് ഗെറാറിൽ താമസം തുടങ്ങി വളരെ നാളുകൾക്കു ശേഷം ഫെലിസ്തിയ രാജാവായ അബിമേലക്ക് ഒരിക്കൽ വാതായനത്തിലൂടെ വെളിയിലേക്കു നോക്കി. ഇസഹാക്ക് റബേക്കയെ താലോലിക്കുന്നത് അയാൾ കണ്ടു.*

*9: അബിമേലക്ക് ഇസഹാക്കിനെ വിളിച്ചു ചോദിച്ചു. 'അവൾ നിന്റെ ഭാര്യ തന്നെ തീർച്ച.നിന്റെ സഹോദരിയാണെന്ന് നീ എന്തിനാണ് പറഞ്ഞത്?' ഇസഹാക്ക് മറുപടി നൽകി: 'അവൾ നിമിത്തം ഞാൻ മരിക്കേണ്ടി വന്നേക്കുമെന്ന ചിന്തയാലാണ് അങ്ങനെ പറഞ്ഞത്'*

*10: അബിമേലക്ക് ചോദിച്ചു: 'നീ ഞങ്ങളോട് എന്താണ് ഈ ചെയ്തത്? ജനങ്ങളിൽ ആരാനും നിന്റെ ഭാര്യയോടൊന്നിച്ചു ശയിച്ചിരുന്നുവെങ്കിൽ, ഞങ്ങൾ കുറ്റവാളികളാകുമായിരുന്നില്ലേ?'*

*11: ഇതിനു ശേഷം അബിമേലക്ക് എല്ലാ ജനങ്ങൾക്കും മുന്നറിയിപ്പു നൽകി: 'ഈ മനുഷ്യനെയോ അയാളുടെ ഭാര്യയെയോ സ്പർശിക്കുന്നവൻ മരണശിക്ഷയ്ക്കു വിധേയനാകും.*

ബൈബിൾകാലത്ത് 'ഒളിഞ്ഞുനോട്ടക്കാരെ' തടയുന്നതിനുള്ള സാഹചര്യങ്ങളൊന്നുമുണ്ടായിരുന്നില്ല. വാസഗൃഹങ്ങളൊന്നും ഇന്നുള്ളതു പോലെ ആയിരുന്നില്ല. സ്വകാര്യതയ്ക്കുള്ള സംവിധാനങ്ങൾ തുലോം കുറവായിരുന്നു. ജനാലകൾക്ക് വാതിലുകൾ സ്ഥാപിക്കുന്നത് തികച്ചും ആർഭാടകരമായിരുന്നു. അത് സാധാരണമായത് വളരെക്കാലങ്ങൾക്കു ശേഷം വിഗ്രഹാരാധകരുടെ കാലത്താണ്. റബേക്കയുമായുള്ള തന്റെ ബന്ധത്തെ മറച്ചു വച്ച് ഇസഹാക്ക് അബിമേലക്ക് രാജാവിനെ കബളിപ്പിച്ചുവെങ്കിലും അയാൾ തന്റെ ഭാര്യയുമായി ക്രീഡിക്കുന്നത് രാജാവ് കണ്ടുപിടിച്ചു. രാജാവ് പറയുന്നു.- 'അവൾ നിന്റെ ഭാര്യ തന്നെ തീർച്ച.' ഒരു സ്ത്രീയും പുരുഷനും തമ്മിൽ ക്രീഡിക്കുന്നത് [ In English Bible - 'sporting'] കണ്ടാൽ അവർ ഭാര്യയും ഭർത്താവുമാണെന്ന് ദൃഷ്ടാവിന് ഉറപ്പാകണമെങ്കിൽ ആ ക്രീഡ ഏത് തരത്തിലുള്ളതായിരിക്കും? ക്രീഡിച്ചു എന്ന വാക്ക് കൊണ്ട് ഉദ്ദേശിച്ചതെന്താണെന്ന് ആർക്കാണ് മനസിലാകാത്തത്?.

ജിജ്ഞാസയോടെ വായിക്കുകയും അതിന്റെ സംശയദുരീകരണത്തിനായി മാതാപിതാക്കളെ സമീപിക്കുകയും ചെയ്യുന്ന കുട്ടികളെ സംബന്ധിച്ച് ഇതൊരു രസകരമായ വസ്തുതയാണ്. നിങ്ങളെപ്പോലെ വിശ്വാസിയായ മാതാപിതാക്കൾ മക്കളോട് ബൈബിളിനെ ആരാധിക്കാൻ ആവശ്യപ്പെടുകയും അനുസരണയുള്ള ആ പാവങ്ങൾ പ്രചോദനത്തിനും ദിശാബോധത്തിനുമായി അത് പഠിക്കുകയും ചെയ്യുന്നു.

കൗതുകകരമായ ഈ കഥ വായിച്ച് 'ക്രീഡിച്ചു' എന്ന വാക്കിന്റെ ഈ സന്ദർഭത്തിലെ അർത്ഥത്തിനായി അവർ നിങ്ങളെ സമീപിച്ചു എന്ന് കരുതുക. അവരോട് നിങ്ങൾ എന്ത് മറുപടി പറയും? അവർ പര

സ്പരം ചുംബിക്കുകയായിരുന്നു എന്ന് കരുതലോടെ കള്ളം പറയുമോ അതോ ഇത്തരം തരംതാണ പ്രയോഗങ്ങളും കഥകളുമുള്ള ആ നികൃഷ്ട ഗ്രന്ഥം വായിക്കരുതെന്ന് താക്കീത് നൽകുമോ? കുട്ടികളുടെ വായനയ്ക്കും സംസ്കാരത്തിനും നിരക്കുന്നതാണ് ഇത്തരം രതിവർണ്ണനകളുള്ള ഒരു ഗ്രന്ഥം എന്ന് നിങ്ങൾക്ക് തോന്നുന്നുവോ?

യഥാർത്ഥത്തിൽ, ഉൾക്കുറിപ്പുകളെപ്പറ്റി ബോധമില്ലാതെ, തലമുറ കൈമാറിക്കിട്ടിയ ദൈവികമായ ഒന്ന് എന്ന മിഥ്യാബോധം കൊണ്ടു മാത്രം ബൈബിളിനെ സ്വീകരിച്ച ഒരു വ്യക്തിയാണോ നിങ്ങൾ? ബൈബിൾ വീട്ടിൽ സൂക്ഷിക്കുന്ന ഒരാളെ സംബന്ധിച്ച് ഏറ്റവും ചോദ്യം ചെയ്യപ്പെടേണ്ടതും ഭക്തിയോടെ സമീപിക്കേണ്ടതുമായ ഒരു ഗ്രന്ഥമാണ് അയാൾ കൈവശം വച്ചിരിക്കുന്നത്. സ്വന്തം കുട്ടികളെങ്ങാൻ അതിലെ ദിവ്യപുരുഷന്മാരെ മാതൃകയാക്കാൻ തീരുമാനിച്ചാൽ...

ശരിയായ ദൃഷ്ടിയിൽ ബൈബിൾ കഥാപാത്രങ്ങളെ നാമൊരു പിൻവായനയ്ക്ക് വിധേയരാക്കേണ്ടതുണ്ട്. ബൈബിളിനെപ്പറ്റി നമുക്കൊരു തെറ്റിദ്ധാരണയുണ്ട്. ആരാധനയ്ക്കും ഉദാത്ത മാതൃകയ്ക്കുമായി നമുക്ക് തന്നിട്ടുള്ള ബൈബിളിലെ 'ദിവ്യവ്യക്തിത്വങ്ങൾ' വിഷം പോലെ ദൂരെയകറ്റേണ്ട അധമന്മാരാണ്.

ഈ കഥയിൽ ഇസഹാക്കിനെക്കാൾ നീതിമാനും ഉത്കൃഷ്ടനും മഹാനുമായ വ്യക്തി അബിമേലക്ക് അല്ലെന്ന് ആർക്കെങ്കിലും പറയാനാകുമോ? നികൃഷ്ടരായ അബ്രഹാമിന്റെയും പുത്രൻ ഇസഹാക്കിന്റെയും മുന്നിൽ ഉത്കൃഷ്ടതയുടെ പര്യായമായി അബിമേലക്കും ഫറവോനും നിലകൊള്ളുന്നു - അഭിനവദിവ്യന്മാരുടെ മുമ്പിൽ ധർമ്മവും നീതിയും കൈവിടാതെ ഹൃദയവിശുദ്ധികൊണ്ടു കാലാതിവർത്തിയായി പ്രകാശം പരത്തുന്ന രണ്ടുജ്ജ്വല ദീപസ്തംഭങ്ങൾ!

റബേക്ക ഇസഹാക്കിന്റെ സഹോദരിയല്ല, ഭാര്യയാണ് എന്നു കണ്ടുപിടിച്ചിട്ടും അബിമേലക്ക് വഞ്ചനയ്ക്കുള്ള ശിക്ഷ അയാൾക്ക് നൽകിയില്ല. അയാളുടെ പ്രവൃത്തി മൂലം റബേക്കയ്ക്കുണ്ടാകാമായിരുന്ന ഭീകരാവസ്ഥയ്ക്ക് രാജാവ് അയാളെ കുറ്റപ്പെടുത്തിയില്ലേ? ആത്മരക്ഷയ്ക്കു വേണ്ടി സ്വന്തം ധർമ്മപത്നിയെ ബലികൊടുക്കുവാനും അവളെ സംരക്ഷിക്കാൻ ശ്രമിക്കാതെ നിഷേധിക്കുകയും ചെയ്യുന്ന ഒരു നരാധമനെ നമുക്കംഗീകരിക്കാനാകുമോ? 9,10 വാക്യങ്ങൾ മനസാക്ഷിയില്ലാത്ത ചതിയനായ ഒരു വ്യക്തിയും ഉദാത്തവ്യക്തിത്വമുള്ള ഒരു നരോത്തമനും തമ്മിലുള്ള താരതമ്യവിചിന്തനത്തിനുതകുന്നതാണ്. ഇസഹാക്കിനെ അർഹിക്കുന്ന അവജ്ഞയോടെ ഏറ്റവും നിന്ദ്യമായി അബിമേലക്ക് ശാസിച്ചു. "നീ ഞങ്ങളോട് എന്താണ് ഈ ചെയ്തത്? ജനങ്ങളിൽ ആരാനും നിന്റെ ഭാര്യയോടൊന്നിച്ചു ശയിച്ചിരുന്നുവെങ്കിൽ, ഞങ്ങൾ കുറ്റവാളികളാകുമായിരുന്നില്ലേ?"

ഈ ലോകത്തിലെ സദ്പുത്രിമാരോട് എനിക്കുള്ള ഉപദേശം ഇതാണ്- നിങ്ങൾ ഒരു പുരുഷനെ വരിക്കുന്നതിനു മുൻപ് അയാൾ അസാന്മാർഗ്ഗികമായ ബൈബിളിനെ അന്ധമായി വിശ്വസിക്കുന്നവനല്ല എന്ന് ഉറപ്പാക്കുകയും അതിലെ 'ദിവ്യപുരുഷന്മാരെ' മാതൃകയാക്കി, സ്വാർത്ഥയ്ക്കുവേണ്ടി ധർമ്മപത്നിയെ പരപുരുഷന്മാർക്ക് അടിയറവ് വയ്ക്കുവാനും, അവരെപ്പോലെ സ്ത്രീകളോട് നെറികേടുകളും കാമാവേശവും കാട്ടാൻ സാധ്യതയില്ലാത്തവനുമാണോ എന്നും ശ്രദ്ധിക്കേണ്ടതാണ്.

സ്വന്തം പുത്രനെ ദൈവത്തിന് ബലിനൽകാനൊരുങ്ങിയ ആ 'മഹാമനസ്വിയെ' പുകഴ്ത്തുന്നതിൽ ആവേശവും നേട്ടവും കൊയ്യുന്ന സുവിശേഷപ്രസംഗകൻ, ദൈവം രക്ഷപെടുത്തിയ ആ അതിനിന്ദ്യൻ സ്വന്തം ഭാര്യയുടെ ശരീരം അന്യപുരുഷന്മാരുടെ കാമപൂർത്തിക്ക് കാഴ്ച വയ്ക്കാൻ തുനിഞ്ഞു എന്ന വസ്തുതയെപ്പറ്റി പറയുന്നുണ്ടാകില്ല.

അബിമേലക്ക് കണ്ട രസകരമായ സംഭവം നടക്കുന്ന നേരം 'ദൈവം' എവിടെയായിരുന്നു എന്ന് ഞാൻ അൽഭുതപ്പെടാറുണ്ട്. ഒരു പക്ഷേ ഇസഹാക്കും റബേക്കയും തമ്മിൽ ക്രീഡിക്കുന്നത് 'ദൈവവും' കണ്ട് ആസ്വദിക്കുകയായിരുന്നിരിക്കാം.

ഇനി 'ദൈവപ്രചോദിതമായ' അടുത്ത ബൈബിൾ കഥയിലേക്ക് നമുക്ക് കടക്കാം. സദാചാരമര്യാദകൾ അതിന്റെ സകല സീമകളും തകർക്കുന്ന കാഴ്ചയാണ് ഇതിലുള്ളത്. വിശുദ്ധമായി കണക്കാക്കുന്ന ഒരു ഗ്രന്ഥത്തിൽ ഇത്രയും നീചമായ ലൈംഗികാഭാസങ്ങളുടെ കഥകൾ സങ്കൽപ്പിക്കാവുന്നതിലുമപ്പുറമാണ്.

മനുഷ്യന്റെ വ്യക്തിബന്ധങ്ങൾക്കും കുടുംബബന്ധങ്ങൾക്കുമുള്ള പരമോന്നത ദർശനമെന്ന് കണക്കാക്കപ്പെടുന്ന ബൈബിളിലെ ഈ കഥ അതിനീചമാണ്. ബൈബിളിന്റെ ഉള്ളടക്കം എന്തെന്ന് ലോകം തിരിച്ചറിയേണ്ടത് അത്യന്താപേക്ഷിതമാകയാൽ അതിലെ പ്രധാന ഭാഗങ്ങൾ ഞാൻ ഉദ്ധരിക്കാം. ഈ കഥകളിൽ അൽപ്പം സാഹിത്യഭംഗിയെങ്കിലും ഉണ്ടായിരുന്നുവെങ്കിൽ ഒരു സാഹിത്യ കൃതി എന്നെങ്കിലും അംഗീകരിക്കാമായിരുന്നു. പക്ഷേ, ദുഖ:കരമെന്നു പറയട്ടെ, അധമമായ കഥകളല്ലാതെ സാഹിത്യപരവും ധാർമ്മികവുമായ യാതൊന്നും ബൈബിളിലില്ല.

# അദ്ധ്യായം - 3
# ലോതും പുത്രിമാരും

സാധാരണ മനുഷ്യർക്ക് നിഷിദ്ധമായിരുന്ന പല പ്രത്യേകാവകാശങ്ങളും 'ദൈവദൂതന്മാർക്കും' പുരോഹിതന്മാർക്കും ബൈബിളിൽ അനുവദിക്കപ്പെട്ടിരുന്നു എന്നത് ഒരു യാഥാർത്ഥ്യവും വിരോധാഭാസ വുമാണ്. ദിവ്യപുരുഷന്മാരായി ചമഞ്ഞ ആ വ്യക്തികൾക്ക് അപ്രകാരമുള്ള യാതൊരു ദിവ്യതയും ഇല്ലാ യിരുന്നുവെങ്കിലും മറ്റ് ജനങ്ങളുടെ മേൽ മേൽക്കൈ നൽകപ്പെട്ടിരുന്നു എന്നതും ശ്രദ്ധേയമാണ്. ബൈബിളിലെ മറ്റ് വിശിഷ്ടവ്യക്തികൾ സ്വന്തം പുത്രിമാരെ കാമവെറിയുടെ അൾത്താരയിൽ ഹോമിക്കു ന്നത് നമുക്ക് കാണാം.

**ഉൽപ്പത്തി 19: 1-7**

*1: ആ രണ്ട് മാലാഖമാർ സന്ധ്യക്ക് സോദോമിൽ എത്തി. സോദോമിന്റെ കവാടത്തിൽ ഇരിക്കുകയായി രുന്നു ലോത്. അവരെ കണ്ടപ്പോൾ സ്വീകരിക്കാൻ എഴുന്നേറ്റു ചെന്നു, തലകുനിച്ചു നമസ്കാരം ചെയ്തശേഷം ലോത് പറഞ്ഞു:*

*2: 'യജമാനന്മാരേ, രാത്രി കഴിക്കാൻ ഈ ദാസന്റെ വസതിയിലേക്ക് വന്ന് നിങ്ങളുടെ കാലുകൾ കഴുകി യാലും! അതിരാവിലെ എഴുന്നേറ്റു നിങ്ങൾക്കു പോകാം.' 'ഇല്ല. ഞങ്ങൾ തെരുവീഥിയിൽ രാത്രി കഴിച്ചു കൊള്ളാം' എന്ന് അവർ മറുപടി പറഞ്ഞു.*

*3: പക്ഷേ ലോത് വീണ്ടും നിർബന്ധപൂർവ്വം അഭ്യർത്ഥിച്ചു. അപ്പോൾ അവർ തിരിഞ്ഞു നടന്ന്, അയാളുടെ വീട്ടിൽ പ്രവേശിച്ചു. അയാൾ അവർക്കൊരു വിരുന്നൊരുക്കി; പുളിപ്പില്ലാത്ത അപ്പം ചുട്ടു.*

*4: അവർ ഭക്ഷണം കഴിച്ചു. അവർ ഉറങ്ങാൻ കിടക്കും മുൻപ് സോദോം നഗരവാസികളായ പുരുഷന്മാർ - ആബാലവൃദ്ധം എല്ലാ പുരുഷന്മാരും - ഒന്നൊഴിയാതെ വന്ന് വീട് വളഞ്ഞു.*

*5: അവർ ലോതിനെ വിളിച്ചു ചോദിച്ചു: 'ഈ രാത്രി നിന്റെ അടുക്കൽ വന്ന പുരുഷന്മാർ എവിടെ? അവരെ ഇറക്കിവിടുക; ഞങ്ങൾ അവരെ ഒന്നു കാണട്ടെ.'*

*6: ലോത് വെളിയിലിറങ്ങി, വാതിൽ അടച്ച ശേഷം അവരോടു സംസാരിച്ചു:*

*7: 'എന്റെ സഹോദരങ്ങളേ, ഞാൻ നിങ്ങളോടു കേണപേക്ഷിക്കുന്നു; ഇത്രയേറെ ദുഷ്ടമായി പെരുമാറ രുതേ!*

സോദോമിലെ ജനങ്ങളെ പ്രേരണ കൊണ്ടു വശത്താക്കാൻ കഴിയില്ലെന്നു മനസിലാക്കിയ ലോത്തിന് 'വിലമതിയാത്ത' രണ്ടു 'മാലാഖമാരെ' അടിയറവ് വയ്ക്കുന്നതിലും ഭേദമായി തോന്നിയ യുക്തി മനുഷ്യകുലത്തിന് സങ്കൽപ്പിക്കാൻ പോലും സാധിക്കാത്തതാണ്. പ്രാണപ്രിയരായ സ്വപുത്രിമാരെ അസമയത്ത് അക്രമാസക്തരായ ജനക്കൂട്ടത്തിന് വിട്ടുകൊടുക്കാൻ തുനിയുന്ന മൃഗതുല്യനായ ഒരു പിതാവും അതു കണ്ടുകൊണ്ട് നിശബ്ദരായി ഒളിച്ചിരിക്കുന്ന ശ്വാനതുല്യരായ രണ്ടു 'മാലാഖമാരും'. ഇവരെ വിശുദ്ധരെന്നല്ല, മനുഷ്യരെന്ന് പോലും കണക്കാക്കാനാകില്ല. അഭിമാനബോധമുള്ള സ്ത്രീകൾ തങ്ങളുടെ ചാരിത്ര്യം കവരാൻ ശ്രമിക്കുന്ന അക്രമിക്കു കീഴടങ്ങാതെ സ്വന്തം ജീവൻ ആഹുതി ചെയ്യാറ ുണ്ട്. അവരെ നാം ധീരവനിതകളെന്ന് ആദരിക്കുകയും ചെയ്യുന്നു. പക്ഷേ ലൈംഗികസുഖത്തിനു വേണ്ടി സ്വന്തം പിതാവിനും സ്വന്തം പുത്രന്മാർക്കും മുന്നിൽ പോലും ഉടുചേലയഴിച്ച് രതിലീലയാടാൻ മടിയില്ലാത്ത ബൈബിളിലെ 'സതീരത്നങ്ങൾ'ക്കതിനാകില്ല. ഈ മാർഗ്ഗമാണ് ബൈബിൾ നമ്മോട് പിൻതുടരാനാവശ്യ പ്പെടുന്നത്.

**ഉൽപ്പത്തി 19: 8**

*8: നോക്കൂ, പുരുഷസംസർഗ്ഗം ഉണ്ടായിട്ടില്ലാത്ത രണ്ടു പുത്രിമാർ എനിക്കുണ്ട്; അവരെ നിങ്ങളുടെ അടു ക്കലേക്ക് ഞാൻ ഇറക്കിവിടാം. നിങ്ങളുടെ ഇഷ്ടം പോലെ അവരോടു പെരുമാറിക്കൊള്ളുക. ഈ പുരു ഷന്മാരോടു മാത്രം ഒന്നു ചെയ്യരുതേ!*

എത്ര ഉത്കൃഷ്ടമായ ചിന്താധാര! കന്യകമാരായ സ്വന്തം പെൺകിടാങ്ങളെ ഒരു പിതാവ് കാമാസ ക്തരായ ജനക്കൂട്ടത്തിനു നടുവിലേക്ക് "*ഇഷ്ടം പോലെ പെരുമാറിക്കൊള്ളുവാൻ*" ഇറക്കി വിടുന്നു. അതായത് ദൈവത്തിന്റെ രണ്ടു മാലാഖമാരെ സംരക്ഷിക്കുന്നതിനായി സ്വന്തം പെൺമക്കളെ കൂട്ടബ ലാൽസംഗത്തിന് വിട്ടുകൊടുക്കുന്നു.

സ്വന്തം മക്കളുടെ അന്തസാർന്ന ജീവിതം ആഗ്രഹിക്കുന്ന മാതാപിതാക്കൾ, പ്രത്യേകിച്ചും പെൺകു ട്ടികളുടെ മാതാപിതാക്കൾ, 'ഉന്നതനിലവാരത്തിലുള്ള' ഈ കഥ തീർച്ചയായും ശ്രദ്ധിക്കേണ്ടതുണ്ട്. ബൈബിൾ വിശ്വാസികളും മക്കളുടെ ഇഷ്ടാനിഷ്ടങ്ങളിൽ ശ്രദ്ധയുള്ളവരുമായ മാതാപിതാക്കൾ സ്വന്തം കുഞ്ഞുങ്ങളോട് ബൈബിളിനെ മാതൃകയാക്കാനാവശ്യപ്പെടുന്നതിനു മുൻപ് ഈ കഥ നിശ്ചയമായും അറിഞ്ഞിരിക്കേണ്ടതാണ്.

ഇനി മറ്റൊരു ശ്രദ്ധേയമായ വസ്തുത! ആ ജനക്കൂട്ടത്തിൽ ബാലന്മാർ മുതൽ വൃദ്ധന്മാർ വരെ യുണ്ടായിരുന്നു. ലോതിന്റെ പെൺമക്കളുടെ ഭാവി വരന്മാരുമുണ്ടായിരുന്നു. സ്വന്തം മക്കളെ ബലാൽസംഗം ചെയ്യാൻ വിട്ടുകൊടുക്കാമെന്നു പറഞ്ഞിട്ടും ജനങ്ങൾക്ക് അതിൽ യാതൊരു താൽപര്യ വുമുണ്ടായിരുന്നില്ല. അസമയത്ത് പ്രായപൂർത്തിയായ പെൺകുട്ടികളുള്ള വീട്ടിൽ വന്നെത്തിയ പുരുഷ ന്മാരെ ചോദ്യം ചെയ്യുകയായിരുന്നു അവരുടെ ഉദ്ദേശ്യം. ആ ജനങ്ങൾ ഒരു തെറ്റും ചെയ്തതായി നമുക്ക് കാണാൻ കഴിയുന്നില്ല. ദൈവത്തിന്റെ മാലാഖമാർ ആരെയാണ് ഭയപ്പെട്ടത്? നിശ്ചയമായും അവർ ലോതിന്റെ പെൺമക്കൾക്കൊപ്പം ഉല്ലസിക്കുകയായിരുന്നിരിക്കും. വ്യഭിചാരികൾ എന്ന ദുഷ്പേരി നെയാണ് 'വിശുദ്ധരായ' ആ മാലാഖമാർ ഭയപ്പെട്ടത്. ലോതിന്റെ മക്കളുടെ സ്വഭാവത്തിൽ നിന്ന് ഇതൊന്നും അസംഭവ്യമല്ല എന്ന് നമുക്ക് പിന്നീട് മനസിലാകും.

'ദൈവത്തിന്റെ ഈ പ്രതിപുരുഷനെ' മാതൃകയാക്കാൻ ഏത് മാതാപിതാക്കൾക്ക് സാധിക്കും? താലോലിച്ചു വളർത്തിയ സ്വന്തം പെൺകുഞ്ഞുങ്ങളെ ഏത് ആപത്ഘട്ടത്തിലും കുരുതി കൊടുക്കാൻ ഒരു പിതാവ് തയ്യാറാകുമോ? ഈ മഹാനീചന്റെ ഈ പ്രവൃത്തിയെപ്പറ്റിയുള്ള എന്റെ അഭിപ്രായം തുറന്നു പറഞ്ഞാൽ അത് സഭ്യേതരമാകുമോ എന്ന് ഞാൻ ഭയക്കുന്നു.

കഥ തുടരുന്നു! ദൈവം സോദോമിലെയും ഗോമോറിലെയും ജനങ്ങളെ ഉന്മൂലനം ചെയ്തു. സ്വന്തം പെൺമക്കളെ കാമഭ്രാന്തിന്റെ അൾത്താരയിൽ സമർപ്പിച്ച ലോതിനെപ്പോലെയുള്ള ഒരു കിരാതനെ സംരക്ഷിക്കുകയും നിരപരാധികളായ ജനങ്ങളെ കൊന്നൊടുക്കുകയും ചെയ്ത നീതിമാനായ 'ആ ദൈവത്തിന്റെ നീതിബോധ'ത്തെ നാം ഇവിടെ സംശയിച്ചു പോകുന്നു. 'നീതിമാനായ ദൈവം' ഈ സന്ദർഭത്തിൽ ഒരു വേശ്യാഗൃഹം നടത്തിപ്പുകാരന്റ നിലവാരത്തിലേക്ക് അധഃപതിച്ചു പോയില്ലേ?

ദൈവം "തീയും ഗന്ധകവും" കൊണ്ട് ആ രണ്ടു നഗരങ്ങളെയും നശിപ്പിച്ചു. ലോതിന്റെ ഭാര്യ ഉപ്പുതൂണായിപ്പോയി. അത് ബൈബിളിന്റെ ആവശ്യവുമായിരുന്നു. കാരണം ബൈബിളിന്റെ നിലവാരത്തിലുള്ള കഥകൾ സൃഷ്ടിക്കുന്നതിന് ആ സ്ത്രീ തടസമായിരുന്നുവെന്ന് കഥ തുടർന്നു വായിക്കുമ്പോൾ നമുക്ക് മനസിലാകും. ലോതും രണ്ട് പെൺമക്കളും കൂടി നഗരത്തിനു പുറത്തു പോയി മലയിലെ ഒരു ഗുഹയിൽ താമസിച്ചു. രണ്ട് നഗരങ്ങളിലെ മുഴുവൻ ജനങ്ങളെയും നശിപ്പിച്ചുകൊണ്ട് 'കർത്താവ്' സംരക്ഷിച്ച ഈ ദിവ്യപുരുഷന്റെയും കുടുംബത്തിന്റെയും തുടർന്നുള്ള ജീവിതം എങ്ങിനെയായിരുന്നുവെന്ന് നമുക്ക് നോക്കാം. ഈ കഥയുടെ ഏറ്റവും പ്രധാനപ്പെട്ട ഘട്ടത്തിലേക്ക് നാം കടക്കുകയാണ്.

ഒരു പിതാവും അയാളുടെ പുത്രിമാരും തമ്മിലുള്ള മനം മടുപ്പിക്കുന്ന ലൈംഗികവേഴ്ചയുടെ വിവരണങ്ങൾ വായിക്കുന്നതിന് തയ്യാറാണെങ്കിൽ തുടർന്നു വായിക്കുക. 'വിശുദ്ധമായ ബൈബിളിൽ' നിന്നും ഞാൻ ഉദ്ധരിക്കട്ടെ.

**ഉൽപ്പത്തി 19: 30-36**

*30: സോവറിൽ പാർക്കാൻ ലോത് ഭയപ്പെട്ടു. അതു കൊണ്ട് അയാൾ രണ്ടു പുത്രിമാരെയും കൂട്ടി സോവർ നഗരത്തിൽ നിന്ന് പോയി മലയിൽ താമസിച്ചു. അവിടെ ഒരു ഗുഹയിൽ അയാൾ പുത്രിമാരോടൊത്തു പാർത്തു.*

*31: മൂത്ത പുത്രി ഇളയവളോടു പറഞ്ഞു: 'നമ്മുടെ പിതാവ് വൃദ്ധനായിരിക്കുന്നു. ഭൂമിയിലെ നടപ്പനുസരിച്ച് നമ്മോട് ഇണ ചേരുവാൻ ഒരു പുരുഷനും ഇല്ല.*

*32: വാ, നമുക്കു പിതാവിനെ വീഞ്ഞ് കുടിപ്പിക്കാം. പിതാവിനോടൊപ്പം ശയിച്ച് പിതാവിൽ നിന്നും സന്തതികളെ നേടാം'*

*33: അന്ന് രാത്രി അവർ പിതാവിനെ വീഞ്ഞ് കുടിപ്പിച്ചു. മൂത്ത പുത്രി അകത്തു ചെന്ന് പിതാവിനോടൊപ്പം ശയിച്ചു. അവൾ എപ്പോൾ വന്നു ശയിച്ചെന്നോ, എപ്പോൾ എഴുന്നേറ്റു പോയെന്നോ ഒന്നും അയാൾ അറിഞ്ഞില്ല.*

*34: അടുത്ത ദിവസം മൂത്തവൾ ഇളയവളോടു പറഞ്ഞു: 'ഇന്നലെ ഞാൻ നമ്മുടെ പിതാവിനോടൊപ്പം ശയിച്ചു. ഇന്നു രാത്രിയും നമുക്കു പിതാവിനെ വീഞ്ഞു കുടിപ്പിക്കാം. അനന്തരം നീ അകത്തു പോയി പിതാവിനോടൊപ്പം ശയിച്ച് നമ്മുടെ പിതാവിലൂടെ നമുക്കു സന്തതികളെ നേടാം.'*

*35: അന്നു രാത്രിയും അവർ പിതാവിനെ വീഞ്ഞ് കുടിപ്പിച്ചു. ഇളയ പുത്രി എഴുന്നേറ്റു ചെന്ന് അയാളുടെ കൂടെ ശയിച്ചു. അവൾ എപ്പോൾ വന്നു ശയിച്ചെന്നോ, എപ്പോൾ എഴുന്നേറ്റു പോയെന്നോ ഒന്നും അയാൾ അറിഞ്ഞില്ല.*

*36: അങ്ങിനെ ലോതിന്റെ രണ്ടു പുത്രിമാരും പിതാവിനാൽ ഗർഭവതികളായി.*

ഈ സന്ദർഭത്തെ വ്യക്തമായി വിവരിക്കുവാൻ എന്റെ സംസ്കാരം അനുവദിക്കുന്നില്ല. ആലോചിച്ചു നോക്കുക! സ്വപുത്രിമാർക്കൊപ്പം കാമകേളിയാടി അവരെ ഗർഭവതികളാക്കിയ ഒരു പിതാവ്! "*അവൾ എപ്പോൾ വന്നു ശയിച്ചെന്നോ എപ്പോൾ എഴുന്നേറ്റു പോയെന്നോ അയാൾ അറിഞ്ഞില്ല.*" പക്ഷേ ആ നികൃഷ്ടന്റെ പ്രത്യുൽപാദന അവയവങ്ങൾ ഉദ്ധരിക്കുകയും സ്വന്തം പുത്രിമാരുടെ ഗർഭപാത്രത്തിൽ നികൃഷ്ടരേതസ്സ് നിക്ഷേപിക്കുകയും ചെയ്തു. എന്നിട്ടും അയാൾ ഒന്നും അറിഞ്ഞില്ല പോലും. പാവം! ബൈബിളിലെ ഈ മഹാന്റെ കഥ വായിക്കുന്ന, മതതിമിരം ബാധിക്കാത്ത ആരുടെയും തല കുനിഞ്ഞു പോകും. ലോതിന്റ പൂർവ്വകാലം പഠിച്ച നമ്മൾ ആ മനുഷ്യമൃഗത്തിൽ നിന്നും ഇത്രയൊക്കെയേ പ്രതീക്ഷിക്കുന്നുള്ളു.

"ദൈവത്തിന്റെ ഈ വിശുദ്ധ ഗ്രന്ഥത്തെ"പ്പറ്റി എല്ലാ മാതാപിതാക്കളോടും ഒരു വാക്ക്:- സ്ഫോടനാത്മകമായ ഈ അദ്ധ്യായം വായിച്ച സ്വപുത്രി നിങ്ങൾ മാതാപിതാക്കളോട് ഇതേപ്പറ്റി സംസാരിക്കുന്ന ഒരവസ്ഥ ഒന്ന് സങ്കൽപ്പിക്കൂ. നികൃഷ്ടമായ കഥകളുള്ള ആ പുസ്തകം വായിച്ച് മനസ് മലിനമാക്കരുതെന്ന് നിങ്ങളവരെ താക്കീത് ചെയ്യുമെന്ന കാര്യത്തിൽ എനിക്ക് നിശ്ചയമുണ്ട്. മൃഗതുല്യരായ വ്യക്തികളുടെ ലൈംഗികാഭാസങ്ങളും ബലാൽസംഗങ്ങളും ഭാര്യമാരെയും മക്കളെയും കൂട്ടിക്കൊടുത്തതിന്റെയും അവർക്കൊപ്പം കാമകേളിയാടിയതിന്റെയും ബഹുമതികളുടെ ഭാരം പേറുന്ന പുണ്യവാളന്മാരുടെ കഥകൾ കുത്തിനിറച്ച ഈ "വിശുദ്ധഗ്രന്ഥം" നിങ്ങൾക്ക് ഇനിയും ഉപേക്ഷിക്കുവാൻ സാദ്ധ്യമല്ലെങ്കിൽ മനസിലാക്കുക-അന്ധവിശ്വാസങ്ങളുടെ ആഴങ്ങളിലാണ് നിങ്ങൾ ജീവിക്കുന്നത്. നിങ്ങൾ മിഴിയിലും മനസിലും അന്ധത ബാധിച്ച ചിന്താശേഷിയില്ലാത്ത ആടാണ്; വെറും കുഞ്ഞാട്!. മാതാപിതാക്കളേ, ഉണരുക! കണ്ണ് തുറക്കുക! അപൂർണ്ണവും സംഭവങ്ങളുടെ പാരസ്പര്യവുമില്ലാത്ത ഈ പുസ്തകത്തിലെ അശ്ലീലതകളെപ്പറ്റി ബോധവാനാകുക.

ബൈബിളിലെ ലോതിന്റെയും പുത്രിമാരുടെയും കഥയിൽ യാതൊരു സന്ദേശവുമില്ല. മറിച്ച് മനം മടുപ്പിക്കുന്ന അശ്ലീലത ആവോളമുണ്ട്. പിന്നെ എങ്ങനെയത് വിശുദ്ധഗ്രന്ഥമാകും?. ഇന്നത്തെ കാലത്ത് ലോത്തിനെപ്പോലൊരു പിതാവിന്റെ സ്ഥാനം തടവറയ്ക്കുള്ളിലായിരിക്കും. "അവൾ എപ്പോൾ വന്നു ശയിച്ചെന്നോ എപ്പോൾ എഴുന്നേറ്റു പോയെന്നോ അറിയാതിരുന്ന" ഒരുവന്റെ ലൈംഗികാവയവങ്ങൾ എങ്ങിനെയാണ് സ്വപുത്രിയുടെ ഗർഭപാത്രത്തിൽ ബീജനിക്ഷേപം നടത്തിയത്? സ്വബോധത്തോടെ സ്വപുത്രിമാരിൽ നിന്നും കാമപൂർത്തി നേടുകയായിരുന്നു പൈശാചികനായ ആ പിതാവ്. "*ഭൂമിയിലെ നടപ്പനുസരിച്ച് നമ്മോട് ഇണ ചേരുവാൻ ഭൂമിയിലെ ഒരു പുരുഷനും ഇല്ല*" എന്ന പരാമർശത്തിലൂടെ ഈ നികൃഷ്ടകുടുംബത്തെ മറ്റ് ജനങ്ങൾ ഒറ്റപ്പെടുത്തിയിരുന്നു എന്ന് മനസിലാക്കാം. ഇന്നിതാ ഈ മഹാനീചൻ ദിവ്യപുരുഷനായി നമ്മുടെ മുന്നിൽ അവതരിച്ചിരിക്കുന്നു. എന്തൊരു വിരോധാഭാസം.

ഞാൻ ഒന്ന് ചോദിച്ചോട്ടെ- പിതാവ് എന്ന ഉൽകൃഷ്ട പദവിയെ ഇത്രയേറെ നീചമായി അവതരിപ്പിക്കുകയും സ്ത്രീത്വത്തെ അധമമായി ചിത്രീകരിക്കുകയും ചെയ്യുന്ന ഈ കഥ മനസിലാക്കിയ ശേഷം സന്മാർഗ്ഗത്തിനായി അവയെ പഠിക്കാൻ നിഷ്കളങ്കരായ കുട്ടികളോട് ഉപദേശിക്കുന്നതിന് നിങ്ങളിലാർക്കെങ്കിലും സാധിക്കുമോ?

# അദ്ധ്യായം - 4
# യാക്കോബും ലയായും റാഹേലും

എല്ലാ സദ്ഗുണങ്ങളെക്കാളും ദാമ്പത്യജീവിതത്തിന് ആവശ്യം പരസ്പരവിശ്വാസവും സത്യസന്ധതയുമാണ്. ഏത് സന്ദർഭത്തിലായാലും ആരുടെ ഭാഗത്തു നിന്നായാലും. യാക്കോബ് ബൈബിളിലെ ഒരു ഗോത്രത്തലവനാകയാലും ദൈവത്തിന്റെ പ്രിയങ്കരനാകയാലും അയാൾക്ക് ചതിവും വഞ്ചനയും ചെയ്യുന്നതിന് ദൈവം ഇളവനുവദിച്ചിരുന്നു. ദുർവൃത്തകളായ രണ്ടു ഭാര്യമാരുടെ കലഹവും ബൈബിളിലായതിനാൽ ക്ഷന്തവ്യമാണ്. ഇത്തരം സന്ദർഭങ്ങൾ മറ്റേതെങ്കിലും പുസ്തകത്തിലായിരുന്നെങ്കിൽ നിശ്ചയമായും അത് അപരിഷ്കൃതമെന്നും അശ്ലീലമെന്നും സാംസ്കാരിക വായനയ്ക്ക് നിരക്കാത്തതെന്നും മുദ്രിതമായേനെ.

കഥയുടെ പ്രയാണത്തിൽ യാക്കോബ് ലാബാന്റെ ഭവനത്തിലെത്തുന്നു. ലാബാന് രണ്ട് മക്കളാണ് ഉണ്ടായിരുന്നത്.

**ഉൽപത്തി 29: 15-26**

*15: അപ്പോൾ ലാബാൻ യാക്കോബിനോടു പറഞ്ഞു: 'നീ എന്റെ ചാർച്ചക്കാരനായതു കൊണ്ട് ശമ്പളമില്ലാതെ എന്നെ സേവിക്കണമെന്നുണ്ടോ? പറയൂ, നിനക്ക് എന്ത് ശമ്പളം വേണം?'*
*16: ലാബാനു രണ്ടു പുത്രിമാരുണ്ടായിരുന്നു-മൂത്തവൾ ലേയാ; ഇളയവൾ റാഹേൽ.*
*17: ലേയായുടെ കണ്ണുകൾ നിഷ്പ്രഭങ്ങളായിരുന്നു. റാഹേലാകട്ടെ, സുന്ദരിയും കോമളാംഗിയുമായിരുന്നു.*
*18: യാക്കോബ് റാഹേലിനെ പ്രേമിച്ചു. അയാൾ പറഞ്ഞു: 'അങ്ങയുടെ ഇളയ പുത്രി റാഹേലിനു വേണ്ടി ഞാൻ ഏഴു വത്സരം അങ്ങയെ സേവിക്കാം.*
*19: ലാബാൻ പ്രതിവചിച്ചു: 'അവളെ മറ്റാർക്കെങ്കിലും കൊടുക്കുന്നതിനെക്കാൾ നല്ലത് നിനക്ക് തരുന്നതാണെല്ലോ. എന്റെ കൂടെ പാർക്കുക.'*
*20: അങ്ങനെ യാക്കോബ് റാഹേലിനു വേണ്ടി ഏഴു വത്സരം ജോലി ചെയ്തു. അയാൾക്ക് അവളോടുള്ള പ്രേമം നിമിത്തം, ആ കാലഘട്ടം ഏതാനും ദിവസങ്ങൾ മാത്രമായി തോന്നി.*

വിലപേശലിന് അത്രതന്നെ ധാരാളം. താൻ സ്നേഹിച്ച പെണ്ണിനു വേണ്ടി യാക്കോബ് എഴ് വർഷക്കാലം ലാബാനെ സേവിച്ചു. ആ ദാസത തീർച്ചയായും അയാളുടെ ആവശ്യങ്ങൾ അംഗീകരിക്കുന്നതിന് പര്യാപ്തമായിരുന്നു. തുടർന്ന് യാക്കോബിന് റാഹേലിനെ നൽകുന്നതിന് യാതൊരു തടസ്സവാദത്തിന്റെയും ആവശ്യമുണ്ടായിരുന്നില്ല.

**ഉൽപത്തി 29: 21**

*21: പിന്നെ, യാക്കൊബ് ലാബാനോടു പറഞ്ഞു.: 'എന്റെ കാലാവധി തികഞ്ഞല്ലോ. എന്റെ ഭാര്യയെ എനിക്കു തരിക.*

ഏഴ് വർഷം കാത്തിരുന്ന സ്വന്തം ഭാര്യയുടെ സാമീപ്യം കൊതിക്കുന്ന ഒരു മനുഷ്യന്റെ വികാരം എത്ര തീവ്രമായിരിക്കുമെന്ന് പറയേണ്ട ആവശ്യമില്ല.

**ഉൽപത്തി 29: 22-24**

*22: ഞാൻ അവളെ പ്രാപിക്കട്ടെ.' ലാബാൻ സ്ഥലവാസികളെയെല്ലാം വിളിച്ചുകൂട്ടി ഒരു വിരുന്നു നടത്തി.*
*23: പക്ഷേ, അന്നു രാത്രി ലാബാൻ പുത്രി ലേയായെ യാക്കോബിന്റെ അടുക്കൽ കൊണ്ടുചെന്നാക്കി. യാക്കോബ് അവളെ പ്രാപിച്ചു.*
*24: (ലാബാൻ തന്റെ ദാസിയായ സില്പായെ പുത്രിയായ ലേയായ്ക്ക് ദാസിയായി കൊടുത്തു.)*

ലേയായും റാഹേലും ഇരട്ടക്കുട്ടികളല്ലാത്തതു കൊണ്ടും ബൈബിളിലെ പ്രസ്താവനകളിൽ നിന്നും രണ്ടു പേരെയും നിസംശയം തിരിച്ചറിയാനാകുമെന്നും ആർക്കും മനസിലാകും. ലാബാൻ തനിക്ക് നൽകിയ പുത്രി, താൻ വിലപേശിക്കൊണ്ടിരുന്ന റേച്ചലല്ല എന്നു തിരിച്ചറിയാൻ കഴിയാത്ത വണ്ണം കാമാന്ധനായിരുന്നു 'മഹാനായ' യാക്കോബ്. ഏഴ് വർഷമായി കാത്തിരുന്ന തന്റെ ഇഷ്ടപ്രാണേശ്വരി തന്നിലേക്കു വരുമ്പോൾ അതവളെന്നുറപ്പാക്കുക പോലും ചെയ്യാതെ മാംസദാഹം തീർക്കാൻ മൃഗങ്ങൾക്കു പോലും സാധിക്കില്ല; പക്ഷേ യാക്കോബിനതു സാധിച്ചു. 'യാക്കോബ് അവളെ പ്രാപിച്ചു'. രാവിലെ രതിയുടെ ആലസ്യത്തിൽ നിന്നുണർന്ന യാക്കോബ് തന്നോടൊപ്പമുണ്ടായിരുന്നത് റാഹേലല്ല എന്നു 'മനസിലാക്കി'യത്രേ. സ്വന്തം പുത്രിയുടെ മാനത്തിന് യാതൊരു വിലയുമില്ലാത്ത, അവരെക്കൊണ്ട് വേശ്യാവൃത്തി ചെയ്യിപ്പിക്കുന്നതിന് യാതൊരു മടിയുമില്ലാത്ത, നികൃഷ്ടനായ മറ്റൊരു പിതാവിനെക്കൂടി നമുക്കിവിടെ കാണാൻ കഴിയും. പക്ഷേ, നമുക്ക് യാക്കോബിലേക്കു മടങ്ങാം.

**ഉൽപത്തി 29: 25**

*25: പിറ്റേന്ന് രാവിലെ ഇതാ, ഇവൾ ലേയായാണ് എന്നു യാക്കോബ് കണ്ടു. യാക്കോബ് ലാബാനോടു ചോദിച്ചു: 'അങ്ങ് എന്തിനാണ് എന്നോടിങ്ങനെ ചെയ്തത്? റാഹേലിനു വേണ്ടിയല്ലേ ഞാൻ ജോലി ചെയ്തത്? അങ്ങ് പിന്നെ എന്തിനാണ് എന്നെ കബളിപ്പിച്ചത്?*

വളരെ തന്മയത്വത്തോടെ സ്വയം നീതീകരിച്ചു കൊണ്ട് പരാതിപ്പെടാൻ യാക്കോബിന് സാധിച്ചു. ക്ലേശഭരിതമായ മറ്റൊരു ഏഴു വർഷത്തെ ദാസവൃത്തി യാക്കോബിന് ലാബാൻ വിധിച്ചു. ഈ സന്ദർഭം മനോഹരമായി അവതരിപ്പാൻ കഴിയുന്ന ബൈബിൾ തന്നെ അതു പറയട്ടെ.

**ഉൽപത്തി 29: 26-30**

*26: ലാബാൻ പറഞ്ഞു: 'മൂത്തവൾ നില്ക്കേ ഇളയവളെ വിവാഹം ചെയ്ത് അയയ്ക്കുന്ന പതിവ് ഞങ്ങളുടെ ദേശത്തില്ല.*
*27:ഇവളുടെ വിവാഹവാരം പൂർത്തിയാക്കുക. വീണ്ടും ഏഴ് വത്സരം എനിക്കായി ജോലി ചെയ്യുന്നതിനു പകരമായി മറ്റവളെയും നിനക്കു തരാം.'*
*28: യാക്കോബ് അപ്രകാരം പ്രവർത്തിച്ചു. അവളുടെ വിവാഹവാരം പൂർത്തിയാക്കി. അപ്പോൾ ലാബാൻ പുത്രി റാഹേലിനെയും യാക്കോബിനു ഭാര്യയായി കൊടുത്തു.*

*29: (ലാബാൻ തന്റെ ദാസിയായ ബില്ഹായെ പുത്രിയായ റാഹേലിനു ദാസിയായി കൊടുത്തു.)*

*30: യാക്കോബ് റാഹേലിനെയും പ്രാപിച്ചു. അയാൾ ലേയായെക്കാളധികം റാഹേലിനെ സ്നേഹിച്ചു. വീണ്ടും ഏഴ് വത്സരം അയാൾ ലാബാനു ജോലിചെയ്തു.*

ദൈവം വീണ്ടും രംഗപ്രവേശം ചെയ്യുന്നു; നാം ഒരു സർവ്വജ്ഞാനിയിൽ നിന്നു പ്രതീക്ഷിക്കുന്നതു പോലെ ദു:ഖങ്ങളിൽ സഹായിക്കാനല്ല; കൂടുതൽ നരകയാതന വരുത്തുവാൻ വേണ്ടി മാത്രം!

**ഉൽപത്തി 29: 31-35**

*31: യാക്കോബ് ലേയായെ വെറുക്കുന്നു എന്നു കണ്ടപ്പോൾ കർത്താവ് അവളുടെ ഗർഭാശയം തുറന്നു. പക്ഷേ റാഹേൽ വന്ധ്യയായിരുന്നു.*

*32: ലേയാ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിച്ചു. അവൾ, 'കർത്താവ് എന്റെ കഷ്ടത കണ്ടിരിക്കുന്നു. ഇനിയിപ്പോൾ എന്റെ ഭർത്താവ് തീർച്ചയായും എന്നെ സ്നേഹിക്കും' എന്നു പറഞ്ഞു*

*33: കുട്ടിക്കു റൂബേൻ എന്നു പേരിട്ടു. അവൾ വീണ്ടും ഗർഭിണിയായി, ഒരു പുത്രനെ പ്രസവിച്ചു. 'ഞാൻ വെറുക്കപ്പെടുന്നു എന്നു കേൾക്കയാൽ കർത്താവ് എനിക്ക് ഒരു പുത്രനെ കൂടി നൽകിയിരിക്കുന്നു'. എന്നു പറഞ്ഞ് അവൾ കുട്ടിക്ക് ശിമയോൻ എന്നു പേരിട്ടു.*

*34: അവൾ വീണ്ടും ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിച്ചു. അവൾ പറഞ്ഞു: 'ഞാൻ എന്റെ ഭർത്താവിനു മൂന്നു പുത്രൻമാരെ പ്രസവിക്കയാൻ അദ്ദേഹം എന്നോടു ചേർച്ചയിലാകും.' അങ്ങനെ ആ പുത്രനു ലേവി എന്നു പേരിട്ടു.*

*35: അവൾ വീണ്ടും ഗർഭിണിയായി, ഒരു പുത്രനെ പ്രസവിച്ചു. അവൾ പറഞ്ഞു: 'ഇത്തവണ ഞാൻ കർത്താവിനെ സ്തുതിക്കും.' അങ്ങനെ അവൾ കുട്ടിക്കു യഹൂദാ എന്നു പേരിട്ടു. അതോടെ അവളുടെ പ്രസവം നിലച്ചു.*

ലേയായുടെ ഉത്പാദനശേഷി റേച്ചലിനെ അസൂയാലുവാക്കുകയും അവർ യാക്കോബിനോട് തനിക്ക് മക്കളെ നൽകുവാൻ ആവശ്യപ്പെടുകയും ചെയ്തു. കോപാകുലനായ യാക്കോബ് റാഹേലിനോട് ദേഷ്യപ്പെട്ടു. റാഹേലിന് കുട്ടികളുണ്ടാകുമായിരുന്നില്ലല്ലോ. ബൈബിളിലെ സ്ത്രീ കഥാപാത്രങ്ങൾ തങ്ങൾ വന്ധ്യകളാണെന്ന് ബോധ്യപ്പെടുമ്പോൾ ഒരു പ്രത്യേക സ്വഭാവ സവിശേഷത പ്രകടിപ്പിക്കുന്നുണ്ട്. അബ്രാമിന്റെയും സാറായ്യുടെയും കാര്യത്തിലും ഇത് നമുക്ക് കാണാൻ കഴിയും. ബഹുഭാര്യത്വം നിലനിന്നിരുന്ന യാക്കോബിന്റെ കുടുംബത്തിൽ അതിന് അനുവാദമില്ലാത്തതിന് യാതൊരു കാരണവുമില്ല.

**ഉൽപത്തി 30: 1-4**

*1: താൻ യാക്കോബിനായി മക്കളെ പ്രസവിക്കുന്നില്ലെന്നു കണ്ടപ്പോൾ റാഹേലിന് സഹോദരിയോട് അസൂയ തോന്നി. 'എനിക്കു മക്കളെ തരുക. ഇല്ലെങ്കിൽ ഞാൻ മരിച്ചു പോകും.' എന്ന് റാഹേൽ യാക്കോബിനോടു പറഞ്ഞു.*

*2: യാക്കോബ് റാഹേലിനോടു കോപാകുലനായി പറഞ്ഞു. 'ഗർഭഭാഗ്യം നിനക്കു കർത്താവ് നിഷേധിച്ചിരിക്കുന്ന ദൈവത്തിന്റെ സ്ഥാനമാണോ എനിക്കുള്ളത്?'*

*3: അപ്പോൾ റാഹേൽ പറഞ്ഞു: 'ഇതാ എന്റെ ദാസി ബില്ഹാ. അവളെ പ്രാപിക്കുക. അവൾ എന്റെ മടിയിൽ പ്രസവിക്കട്ടെ.'*

*4: അങ്ങനെ അവൾ ദാസിയായ ബിൽഹായെ അയാൾക്കു ഭാര്യയായി കൊടുത്തു. യാക്കോബ് അവളെ പ്രാപിച്ചു.*

അബ്രാമിനെപ്പോലെ തന്നെ യാക്കോബും! അൽപസമയം പോലും നഷ്ടപ്പെടുത്താതെ യാക്കോബ് റാഹേലിന്റെ ദാസി ബിൽഹായെ പ്രാപിച്ചു. ബൈബിളിലെ പുരുഷന്മാർക്ക് എത്രമാത്രം സഹായകരമായ ഏർപ്പാടുകളാണ് അനുവദിക്കപ്പെട്ടിരുന്നത്. ബൈബിൾ കാലത്തേക്ക് തിരിച്ചു പോകുന്നതിനായി സംഘർഷങ്ങളും പ്രക്ഷോഭങ്ങളും ധാരാളമായി നടക്കുന്നതിൽ യാതൊരു അത്ഭുതവുമില്ല. യാക്കോബിന്റെ സന്തതിപരമ്പരയെപ്പറ്റി പറയേണ്ടതിനാൽ നമുക്ക് തുടരാം.

**ഉൽപത്തി 30: 5-8**

*5: ബിൽഹാ ഗർഭം ധരിച്ച് യാക്കോബിന് ഒരു പുത്രനെ പ്രസവിച്ചു.*

*6: അപ്പോൾ റാഹേൽ പറഞ്ഞു: 'ദൈവം എനിക്കു ന്യായം വിധിച്ചിരിക്കുന്നു. അവൻ എന്റെ പ്രാർത്ഥന കേട്ട് എനിക്കൊരു പുത്രനെ തന്നിരിക്കുന്നു.' അതുകൊണ്ട് അവൾ കുട്ടിയെ ദാൻ എന്നു വിളിച്ചു.*

*7: റാഹേലിന്റെ ദാസി ബിൽഹാ വീണ്ടും ഗർഭം ധരിച്ച് യാക്കോബിനു രണ്ടാമതും പുത്രനെ പ്രസവിച്ചു.*

*8: അപ്പോൾ റാഹേൽ പറഞ്ഞു: 'ഞാൻ സഹോദരിയുമായി ഒരു വലിയ യുദ്ധം നടത്തി വിജയിച്ചിരിക്കുന്നു.' അങ്ങനെ അവൾ ആ കുട്ടിക്കു നഫ്താലി എന്നു പേരിട്ടു.*

ലേയായും റാഹേലും തമ്മിൽ വലിയ സംഘർഷം നിലനിന്നിരുന്നു. ലേയായും തോറ്റു കൊടുക്കാൻ തയ്യാറായിരുന്നില്ല. ഇനി തനിക്ക് കുട്ടികളുണ്ടാകില്ല എന്നു മനസിലാക്കിയ ലേയാ തന്റെ ദാസിയായ സില്പായെ യാക്കോബിന് ഭാര്യയായി കൊടുത്തു. പതിവ് പോലെ യാക്കോബ് അൽപ്പം പോലും സമയം പാഴാക്കിയില്ല. അയാൾ സിപ്ലായെ പ്രാപിച്ചു.

**ഉൽപത്തി 30: 9-13**

*9: തനിക്കു പ്രസവം നിലച്ചതായി കണ്ട ലേയാ സില്പായെ യാക്കോബിനു ഭാര്യയായി കൊടുത്തു.*

*10: ലേയായുടെ ദാസി സില്പാ യാക്കോബിന് ഒരു പുത്രനെ പ്രസവിച്ചു.*

*11: 'നല്ല ഭാഗ്യം' എന്നു പറഞ്ഞ് ലേയാ കുട്ടിക്കു ഗാദ് എന്നു പേരിട്ടു.[And Leah said, A troop cometh:and she called his name Gad]*

*12: ലേയായുടെ ദാസി സില്പാ യാക്കോബിനു രണ്ടാമതും പുത്രനെ പ്രസവിച്ചു.*

*13: 'ഞാൻ ഭാഗ്യവതി! സ്ത്രീകൾ എന്നെ ഭാഗ്യവതി എന്നു വിളിക്കും' എന്നു പറഞ്ഞ് ലേയാ കുട്ടിക്ക് ആശേർ എന്നു പേരിട്ടു.*

## Thank You for previewing this eBook

You can read the full version of this eBook in different formats:

- HTML (Free /Available to everyone)
- PDF / TXT (Available to V.I.P. members. Free Standard members can access up to 5 PDF/TXT eBooks per month each month)
- Epub & Mobipocket (Exclusive to V.I.P. members)

To download this full book, simply select the format you desire below

Free-Ebooks.net